# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാലമേൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 3-1339/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 07/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാലമേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 3-1339/2023 തീയ്യതി: 07/12/2023

# ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 30-10-2023 | 07-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 30-10-2023 | 07-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മിനി പി രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)

ശ്രീ. ഫമിൻ.എസ്.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സിന്ധ്യ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ശ്രീകാന്ത്.സി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ബി.വിനോദ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ദീപ്തി നായർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രാജശ്രീ.പി | കൃഷി ഓഫിസർ | 01-04-2022 | 31-03-2023 |
| ഡോ.ഷിബു.കെ.എസ്സ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ഷാരോൺ ദാസ് | മെഡിക്കൽ ഓഫിസർ(സി.എച്ച്.സി) | 01-04-2022 | 22-12-2022 |
| ഡോ.അനിൽ കുമാർ.എസ്സ്. | മെഡിക്കൽ ഓഫിസർ(സി.എച്ച്,സി) | 23-12-2022 | 31-03-2023 |
| ഡോ.പാർവ്വതി കൃഷ്ണ | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ഷബാന.എ | മെഡിക്കൽ ഓഫിസർ(ഹോമിയോ) | 01-04-2022 | 04-01-2023 |
| ഡോ.സജീവ്.വി | മെഡിക്കൽ ഓഫിസർ(ഹോമിയോ) | 05-01-2023 | 31-03-2023 |
| ശ്രീമതി.ജയശ്രീ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ജയശ്രീ.എൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ.ദിപു.എം | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.മാളവിക.എസ്സ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.വികാസ് ജേക്കബ് | വി.ഇ.ഒ, പണയിൽ സർക്കിൾ | 01-04-2022 | 10-08-2022 |
| ശ്രീ.പ്രവീൺ.റ്റി.ഡി | വി.ഇ.ഒ, പണയിൽ സർക്കിൾ | 11-08-2022 | 31-03-2023 |
| ശ്രീ. പ്രവീൺ.പി | വി.ഇ.ഒ, കുടശ്ശനാട് സർക്കിൾ | 08-06-2022 | 31-03-2023 |
| ശ്രീമതി.ഇന്ദുലേഖ.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 15-01-2023 |
| ശ്രീമതി.സിബി.എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-01-2023 | 31-03-2023 |
| ശ്രീ.അനിൽ കുമാർ.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 25-06-2022 |

| | | | |
|---|---|---|---|
| ശ്രീ.പ്രശാന്ത്.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 26-06-2022 | 26-10-2022 |
| ശ്രീമതി.ബിന്ദു.വി | അസിസ്റ്റന്റ് സെക്രട്ടറി | 27-10-2022 | 09-01-2023 |
| ശ്രീ.പ്രശാന്ത്.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 10-01-2023 | 31-03-2023 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജലനിധിയുടെ അക്കൗണ്ട് ഇടപാടുകളില്ലാതെ നിഷ്ക്രിയമായി തുടരുന്നു | 1-1-1 |
| 3 | ഹെൽത്ത് ഗ്രാന്റിനായി തുടങ്ങിയിട്ടുള്ള അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | അദർ ലയബലിറ്റീസ് - ഇനം തിരിച്ച് കണക്ക് സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | വിവിധ ഫണ്ടുകളുടെ എ.സി.ആറിലെ തുകയും വാർഷിക കണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ ഡി.സി.ബി.എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | വാടക, ലൈസൻസ്, തൊഴിൽ നികുതി - വാർഷിക സംഗ്രഹം സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | വാടക- വാർഷിക സംഗ്രഹത്തിൽ കുടിശ്ശിക തുക രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | NREGS- വാർഷിക കണക്കും ഫിനാൻഷ്യൽ പെർഫോമൻസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയയിലെയും, വാർഷിക കണക്കിലെയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 20 | അനധികൃത നിർമ്മാണം - നടപടിയില്ലാതെ തുടരുന്നു | 1-11 |
| 21 | വലിയ കെട്ടിടങ്ങളുടെ തറനിർമ്മിതി പുനപരിശോധിക്കേണ്ടതിന്റെ ആവശ്യകത | 1-12 |
| 22 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാത്തതുമൂലം വരവ് നഷ്ടം | 1-13 |
| 23 | വാടക കുടിശ്ശിക വർദ്ധിക്കുന്നു,വരവിനങ്ങൾ പിരിച്ചെടുക്കുന്നതിൽ | 1-14 |

| | | |
|---|---|---|
| | കാര്യക്ഷമത പുലർത്തുന്നില്ല | |
| 24 | പ്രോജക്ടുകളുടെ നടത്തിപ്പിൽ അനവധാനത - നിരവധി സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പായില്ല, ഫണ്ട് വിനിയോഗം 35.6 ശതമാനം മാത്രം | 1-15 |
| 25 | ഇ.എം.എസ്.ഭവനപദ്ധതി-ചെലവഴിക്കാത്ത വായ്പ തുക തനതുഫണ്ടിൽ -സർക്കാരിന് പലിശബാധ്യത | 1-16 |
| 26 | നിക്ഷേപ പ്രവൃത്തികൾ-റീ ഫണ്ട് ചെയ്ത തുക സർക്കാരിലേക്ക് തിരിച്ചടച്ചില്ല | 1-17 |
| 27 | മുകളുവിള കുടിവെള്ള പദ്ധതി – ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-18 |
| 28 | മത്സ്യമാർക്കറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-19 |
| 29 | ജി.ഐ.എസ് മാപ്പിംഗ് – നിയമാനുസൃത തുകക്കുള്ള മുദ്രപ്പത്രം ഉപയോഗിക്കാതെ കരാർ ചമച്ചു, മുൻകൂർ തുകയിൽ ആദായ നികുതി, ജി.എസ്.റ്റി കുറവ് ചെയ്തില്ല. | 1-20 |
| 30 | സോളാർ ലൈറ്റ് സ്ഥാപിക്കൽ - അപാകത | 1-21 |
| 31 | പഠനമുറി- മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല | 1-22 |
| 32 | കുടിവെള്ള വിതരണം, പ്രിന്റിംഗ് – ആദായനികുതി കുറവ് ചെയ്തില്ല | 1-23 |
| 33 | കോക്ലിയാർ ഇംപ്ലാന്റേഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-24 |
| 34 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -അപാകതകൾ | 1-25 |
| 35 | തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ വർക്കുകളിൽ കരാറുകാരിൽ നിന്നും ജി.എസ്.ടി ഈടാക്കുന്നില്ല | 1-26 |
| 36 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-27 |
| 37 | മരുന്ന് പൂർണമായും ലഭിച്ചിട്ടില്ല | 1-28 |
| 38 | അഗതിരഹിത കേരളം പദ്ധതി -അവലോകനം | 1-29 |
| 39 | അങ്കണവാടി -അവലോകനം | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ജി.ഐ.എസ് മാപ്പിംഗ് – നിയമാനുസൃത തുകക്കുള്ള മുദ്രപ്പത്രം ഉപയോഗിക്കാതെ കരാർ ചമച്ചു, മുൻകൂർ തുകയിൽ ആദായ നികുതി, ജി.എസ്.റ്റി കുറവ് ചെയ്തില്ല | 3-1 |
| 2 | കുടിവെള്ള വിതരണം, പ്രിന്റിംഗ് – ആദായനികുതി കുറവ് ചെയ്തില്ല | 3-2 |
| 3 | തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ വർക്കുകളിൽ കരാറുകാരിൽ നിന്നും ജി.എസ്.ടി ഈടാക്കുന്നില്ല | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 31-07-23 ലെ 1(1) നമ്പർ കമ്മറ്റി തീരുമാനപ്രകാരം തയ്യാറാക്കി 01-08-23 ൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ട പാലമേൽ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനയിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഭാഗമായി എനിക്ക് ലഭിച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 ജലനിധിയുടെ അക്കൗണ്ട് ഇടപാടുകളില്ലാതെ നിഷ്ക്രിയമായി തുടരുന്നു

2021-22, 2022-23 എന്നീ വർഷങ്ങളിൽ ജലനിധിയുടെ അക്കൗണ്ടിലെ നീക്കിയിരിപ്പ് 6684/- രൂപയാണ്. ഇടപാടുകളില്ലാതെ നിഷ്ക്രിയമായി തുടരുന്ന ടി അക്കൗണ്ട് ക്ലോസ് ചെയ്യാൻ നടപടി

സ്വീകരിക്കേണ്ടതാണ്.

1-1-2 ഹെൽത്ത് ഗ്രാന്റിനായി തുടങ്ങിയിട്ടുള്ള അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ഹെൽത്ത് ഗ്രാന്റിനായി തുടങ്ങിയിട്ടുള്ള അക്കൗണ്ട് (അക്കൗണ്ട് നം. 110042409780) വാർഷിക കണക്കിൽ ചേർത്തിട്ടില്ല.

1-1-3 അദർ ലയബലിറ്റീസ് - ഇനം തിരിച്ച് കണക്ക് സൂക്ഷിച്ചിട്ടില്ല

B-4 ഷെഡ്യൂളിലെ അദർ ലയബിലിറ്റീസ് ഇനത്തിലുള്ള 2964570 രൂപയുടെ ഇനം തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല.

1-1-4 വിവിധ ഫണ്ടുകളുടെ എ.സി.ആറിലെ തുകയും വാർഷിക കണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വിവിധ ഫണ്ടുകളുടെ എ.സി.ആറിലെ തുകയും വാർഷിക കണക്കിലെ തുകയും തമ്മിൽ പൊരുത്ത പ്പെടുന്നില്ല വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | എ.സി.ആർ പ്രകാരം ചെലവ് | എ.എഫ്.എസ് പ്രകാരം ചെലവ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 16398860 | 19335031 |
| വികസന ഫണ്ട് (എസ്.സി.പി.) | 11515584 | 13571628 |
| സി.എഫ്.സി (ടൈഡ്) | 6147010 | 1346150 |
| സി.എഫ്.സി (അൺടൈഡ്) | 4744491 | 3404078 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 7377000 | 7349731 |

1-1-5 അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ ഡി.സി.ബി.എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല

അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ ഡി.സി.ബി.എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ ഈയിനത്തിലുള്ള തുകകളുടെ കൃത്യത വാർഷിക കണക്കുമായി ഒത്ത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-6 വാടക, ലൈസൻസ്, തൊഴിൽ നികുതി - വാർഷിക സംഗ്രഹം സാക്ഷ്യപ്പെടുത്തിയിട്ടില്ല

വാടക, ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-1-7 വാടക- വാർഷിക സംഗ്രഹത്തിൽ കുടിശ്ശിക തുക രേഖപ്പെടുത്തിയിട്ടില്ല

വാടകയുടെ രജിസ്റ്ററിൽ വാർഷിക സംഗ്രഹത്തിൽ കുടിശ്ശിക തുക രേഖപ്പെടുത്തിയിട്ടില്ല.

1-1-8 NREGS- വാർഷിക കണക്കും ഫിനാൻഷ്യൽ പെർഫോമൻസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കും പൊരുത്തപ്പെടുന്നില്ല

NREGS ഇനത്തിൽ വാർഷിക കണക്കിൽ 77335453/- രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ NREGS സൈറ്റിലെ ഫിനാൻഷ്യൽ പെർഫോമൻസ് സ്റ്റേറ്റ്മെന്റ് പ്രകാരം 81302000/- രൂപ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.

1-1-9 വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയയിലെയും, വാർഷിക കണക്കിലെയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു

വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയയിലെയും, വാർഷിക കണക്കിലെയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | സഞ്ചയ പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| ഡിമാന്റ് | 1010606<br>5212087 | 650417<br>5211280 |
| കളക്ഷൻ | 891293<br>5174000 | 781763<br>5113493 |
| ബാലൻസ് | 159055<br>83324 | 167008<br>86751 |

വസ്തുനികുതി സംബന്ധിച്ച കണക്കുകൾ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 26-03-2022 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 03-03-2023 ലെ 6(1) തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 344398700 | 365100700 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക) | 192292996 | 217376756 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 45373304 |
| വരവ് | 49286536 |
| ആകെ | 94659840 |
| ചെലവ് | 42461899 |
| നീക്കിയിരിപ്പ് | 52197941 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ്(സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ) | ആകെ | ചെലവ്(സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ) | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | | 20728000 | 20728000 | 20072370 | 655630 |
| വികസനഫണ്ട് (എസ്.സി.പി) | | 14262000 | 14262000 | 14254483 | 7517 |
| സംരക്ഷണഗ്രാന്റ് (റോഡ്) | | 11607000 | 11607000 | 11607000 | 0 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | | 7377000 | 7377000 | 7377000 | 0 |

| | | | | | |
|---|---|---|---|---|---|
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് (ബാങ്ക്) | 3409230 | 8581380 | 11990610 | 10151501 | 1839109 |
| പെർഫോർമൻസ് ഗ്രാന്റ് | 0 | 3641910 | 3641910 | 3641910 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 217 | 241602507 | 123 | 86038439 | 14 | 80 | 56.68% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2671 | 1785023 | 1787694 | - | *1787694 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 77335453 | 77335453 | 77335453 | 0 |
| ആകെ | 2671 | 79120476 | 79123147 | 77335453 | 1787694 |

*1760371 രൂപ തനതു ഫണ്ടിൽ നിന്നും 2022-23 വർഷം ചെലവഴിച്ചിട്ടുള്ളത് റീ ക്ലപ്പ് ചെയ്തിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 40080 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 670200 | 342 |
| വിധവാ പെൻഷൻ | 2526000 | 1663 |
| വാർദ്ധക്യകാല പെൻഷൻ | 5332200 | 3700 |
| വികലാംഗ പെൻഷൻ | 628400 | 393 |
| അവിവാഹിത പെൻഷൻ | 95000 | 61 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31-10-2023 തീയതിയിൽ 2.55 Pm സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14346/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് താഴെചേർക്കുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.

1.പഞ്ചായത്തിന്റെ പെർമിറ്റ് രജിസ്റ്റർ പ്രകാരം നിരവധി അപേക്ഷകൾ തീർപ്പാക്കാതെയും നടപടികൾ രേഖപ്പെടുത്താതെയും കാണുന്നു. രജിസ്റ്ററുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

2.അസറ്റ് രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെങ്കിലും തൻവർഷത്തെ ആസ്തികൾ കൂടി ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

3.അഡ്വാൻസ് രജിസ്റ്റർ പ്രകാരം വലിയ തുകകൾ നിലവിലും വിവിധ നിർവഹണ ഏജൻസികളിൽ നിക്ഷേപമായി തുടരുന്നു. നിക്ഷേപ പ്രവൃത്തികൾ കൃത്യമായി മോണിട്ടർ ചെയ്യപ്പെടുന്നില്ല.

4.ഇ.എം.എസ്. ലോൺ അക്കൗണ്ട് പ്രകാരം ഉപയോഗമില്ലാതെ ശേഷിക്കുന്ന തുകകൾ തിരിച്ചടക്കുന്നതിന് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ടാക്സ് ഓഡിറ്റ് - അവലോകനം

പാലമേൽ ഗ്രാമ പഞ്ചായത്തിന് നികുതി പിരിവിൽ, മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും വസ്തുനികുതി അടക്കമുള്ളവ പൂർണ്ണമായി പിരിച്ചെടുക്കാനായിട്ടില്ല. വാടകയിനത്തിൽ ഒരുലക്ഷത്തിലധികം രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ കുടിശ്ശികകൾ വസൂലാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുക വഴി സാങ്കേതികമായി 100 ശതമാനം പിരിവ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനും പഞ്ചായത്തിനായി. നികുതി, നികുതിയിതര വരവുകൾ എപ്രകാരം പിരിച്ചെടുക്കപ്പെടുന്നു, അധിക നികുതി സ്രോതസ്സുകൾ കണ്ടെത്തുന്നതിലടക്കം ധനകാര്യ സ്ഥിരം സമിതിയുടെ ജാഗ്രത, പഞ്ചായത്തിന്റെ നികുതി പിരിവിലെ കാര്യക്ഷമത എന്നിവയാണ് ഇവിടെ പരിശോധനാ വിധേയമാക്കിയിട്ടുള്ളത്.

വിവിധ വരവിനങ്ങൾ - വരവിന്റെ താരതമ്യം

| നികുതിയിനം | 2021-22 | | പിരിവ് ശതമാനം | 2022-23 ഡിമാന്റ് & കളക്ഷൻ | | പിരിവ് ശതമാനം |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | | | | |
| വസ്തു നികുതി | 4651518 | 4118107 | 88.51 | 5211280 | 5122201 | 98.29 |
| കെട്ടിട വാടക | 555200 | 488624 | 88.00 | 582416 | 399809 | 68.6 |

വസ്തു നികുതി പിരിവിൽ, ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ ഡിമാന്റ് 12.03ശതമാനം ഉയർന്നു. അരിയർ കളക്ഷനിലും ഈ മുന്നേറ്റം ദൃശ്യമാണ് .കുടിശ്ശിക ഇനത്തിൽ 2022-23 ൽ 7.82 ലക്ഷം രൂപ പിരിച്ചെടുത്തതിനാൽ വർഷാവസാനം 167008 രൂപ മാത്രമാണ് തൻവർഷ മുതലിൽ പിരിച്ചെടുക്കാൻ ശേഷിക്കുന്നത്.അതേസമയം വാടകയിൽ ഗണ്യമായ കുറവുണ്ടായി. എന്നാൽ നികുതി പിരിവ് പൂർണ്ണതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ വാടകയിനത്തിൽ ബാക്കിയുള്ള 196920 രൂപയും വസ്തുനികുതിയിനത്തിൽ കുടിശ്ശികയുള്ള 192191 രൂപയും വസൂലാക്കാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചു. ഈ നടപടിയിലൂടെ 13254 രൂപ ഇതിനകം തന്നെ റവന്യൂ വകുപ്പുമുഖേന ഈടാക്കുകയും ചെയ്തു.

തൊഴിൽ നികുതിയിലും തൻ വർഷം വർദ്ധനവ് രേഖപ്പെടുത്തി. പിരിച്ചെടുത്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2021-22 | 1636370 രൂപ |

| | |
|---|---|
| 2022-23 | 2018850 രൂപ |

23.37 ശതമാനത്തിന്റെ (382480 രൂപ) വർദ്ധനവാണ് ഈ ഇനത്തിൽ ഉണ്ടായത്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനവും തനത് വരുമാനത്തിലെ വർദ്ധനവും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും ശരിയായ രീതിയിൽ നടപ്പാക്കണമെങ്കിൽ നികുതി, നികുതിയേതര വരവുകൾ കൃത്യമായി നിർണ്ണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും പിരിച്ചെടുത്ത തുകകൾ പൂർണ്ണമായി പഞ്ചായത്ത് ഫണ്ടിൽ (ട്രഷറി/ബാങ്ക്) എത്തിച്ചേർന്നിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്. സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുമുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 2022-23 വർഷത്തിൽ പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഭരണസമിതിക്ക് സമർപ്പിച്ചിട്ടില്ല. എന്നാൽ 08.07.22 ൽ കൂടിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പഞ്ചായത്തിന്റെ തനത് വരുമാനം 1 കോടി രൂപയായി ഉയർത്തുന്നതിന് വിവിധ കർമ്മ പരിപാടികൾക്ക് രൂപം നൽകുകയും 31.03.2023 നകം 100% നികുതി പിരിവ് ആർജ്ജിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഫലമായി തനത് വരുമാനത്തിൽ താഴെ ചേർക്കും പ്രകാരം 25 ശതമാനത്തോളം വർദ്ധനവ് ആർജ്ജിക്കുവാനും പഞ്ചായത്തിനായി.

| ഇനം * | 2021-22 ലെ വരവ്** | 2022-23 ലെ വരവ് ** | വർദ്ധനവ് | വർദ്ധനവ് % |
|---|---|---|---|---|
| നികുതി വരവ് | 5999477 | 7222960 | 1223483 | 20.39 |
| നികുതിയിതര വരവ് | 1484451 | 1892468 | 408017 | 27.49 |
| മറ്റ് വരവ് | 885210 | 1326312 | 441102 | 49.83 |
| ആകെ തനത് വരവ് | 8369138 | 10441740 | 2072602 | 24.76 |

* റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം

** കുടിശ്ശിക ഒഴികെയുള്ള വരവ്

ഒരു കോടി എന്ന ലക്ഷ്യത്തിനും മുകളിൽ 0.044 ശതമാനം അധികം തനത് വരുമാനമായി സമാഹരിക്കുവാൻ പഞ്ചായത്തിനായി എന്നത് എടുത്ത്പറയേണ്ടതാണ്. ധനകാര്യ സ്ഥിരം സമിതി മാത്രമല്ല, ഭരണസമിതിയും ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തി എന്ന് വ്യക്തമാകുന്നു.

ബജറ്റ്, വാർഷികകണക്ക് എന്നിവ പ്രകാരവുമുള്ള വരവ് -ഒരു താരതമ്യം

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ്, വാർഷിക കണക്ക് എന്നിവ പ്രകാരവുമുള്ള വരവുകളിൽ അന്തരമുണ്ട്. വസ്തുനികുതി, വാടക എന്നിവയിൽ ഇത് കൂടുതൽ പ്രകടമാണ്. വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം (ലക്ഷം രൂപ) A | വാർഷിക കണക്ക് (I&E പത്രിക) പ്രകാരമുള്ള വരവ്(ലക്ഷംരൂപ) B | വാർഷിക കണക്ക് പ്രകാരമുള്ള വരവും ബജറ്റും തമ്മിലുള്ള വ്യത്യാസം (ലക്ഷം രൂപ) B-A |
|---|---|---|---|

| | | | |
|---|---|---|---|
| വസ്തു നികുതി (തൻവർഷം) | 8 | 5.21 | (-)2.79 |
| തൊഴിൽ നികുതി (തൻവർഷം) | 2.5 | 1.95 | (-)0.55 |
| പ്രദർശന നികുതി | 1 | 1.1 | 0.1 |
| ഫീ & യൂസർ ചാർജ് | 2.14 | 1.13 | (-)1.01 |
| വാടക | 12.50 | 5.54 | (-)6.96 |
| പലിശ | 10 | 13.26 | 3.26 |

വാടകയിൽ കൃത്യമായ ഡിമാന്റ് ലഭ്യമായിരിക്കെ യാഥാർത്ഥ്യത്തിന് നിരക്കാത്ത പ്രതീക്ഷിത വരുമാനമാണ് ബജറ്റിൽ വക കൊള്ളിച്ചത്. പ്രതീക്ഷിച്ചതിന്റെ 44.32 ശതമാനം മാത്രമാണ് ഈ ഇനത്തിലെ വരവ്. വസ്തുനികുതിയിലും ബജറ്റിൽ വക കൊള്ളിച്ച തുക യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല. പ്രതീക്ഷിത വരുമാനം കണക്കാക്കുന്നതിൽ സൂക്ഷ്മത പുലർത്തേണ്ടതാണ്.

നികുതിപരിഷ്കരണം

സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023-ന മുൻപായി പൂർത്തിയാക്കേണ്ടതുമാണ്. 15.5.23 ലെ ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റിയുടെ വസ്തു നികുതിനിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിക്കുകയും അക്കാര്യം ഭരണ സമിതിക്ക് ശുപാർശ ചെയ്യുകയും ചെയ്തു. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിൽ വന്നിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നിരക്കുകൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.07.23-ലെ 3(1) തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തി നികുതി ഈടാക്കി വരുന്നു. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഫീൽഡ് പരിശോധന പൂർത്തിയാക്കി സോഫ്റ്റ്‌വെയർ അപ്ഡേഷൻ വരുത്തി കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ വരുമാനത്തിൽ കാര്യമായ വർദ്ധനവ് നേടാനാവുന്നതാണ്.

സേവന ഉപനികുതി

പഞ്ചായത്തിരാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം എന്തെങ്കിലും സേവനങ്ങൾ നല്കിയിട്ടുള്ളപക്ഷം സേവന ഉപനികുതിയും, ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സേവനങ്ങളൊന്നും പ്രത്യേകമായി നല്കിയിട്ടില്ലാത്തിടത്തുപോലും മുപ്പത്തിമൂന്നും മൂന്നിലൊന്നുശതമാനം സർവ്വീസ് ചാർജ്ജും ഈടാക്കാമെന്നിരിക്കെ സേവന ഉപനികുതിയും സർവ്വീസ് ചാർജ്ജും ഈടാക്കുന്നതിനായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ശുപാർശ നൽകുകയോ കമ്മറ്റി തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ സാഹചര്യങ്ങൾ, ജനത്തിന്റെ ക്രയ ശേഷി മുതലായവ പരിഗണിച്ചും പഞ്ചായത്ത് നിവാസികൾക്ക് വലിയ ഭാരം ഏൽക്കാത്ത വിധത്തിലും ഇവ ഈടാക്കി വരുമാന വർദ്ധനവിന് ശ്രമിക്കാവുന്നതാണ്.

മൊബൈൽ ടവറുകളുടെ വസ്തു നികുതി

വിവിധ മൊബൈൽ ടവറുകൾക്ക് നിയമാനുസൃത വസ്തുനികുതി, അവ സ്ഥാപിക്കുന്നതിനുള്ള പെർമിറ്റ് ഫീസ് മുതലായവ ഈടാക്കി വരുന്നു.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ

ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഡിമാന്റ് രജിസ്റ്റർ, അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിലേയും ജീവനക്കാരുടേയും തൊഴിൽനികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ റേഷൻകട ലൈസൻസികളിൽനിന്നും ക്ഷീരോത്പാദക സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

പ്രദർശന നികുതി

2022-23 മുതൽ സിനിമാശാലകളിൽ നിന്ന് പ്രദർശന നികുതി ഈടാക്കി വരുന്നു. തൻവർഷം ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 10.08 ശതമാനം അധിക കളക്ഷൻ ഈ ഇനത്തിൽ നേടിയിട്ടുണ്ട്.

നികുതിയിതര വരവുകൾ

പഞ്ചായത്ത് പരിധിയിൽ മാംസം വിൽക്കുന്ന സ്റ്റാളുകൾ, മത്സ്യം, ഇറച്ചിക്കോഴി വിൽപ്പന കേന്ദ്രങ്ങൾ, സലൂണുകൾ, റേഷൻ കടകൾ, മാവേലിസ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോർ എന്നിവ ലൈസൻസ് എടുത്തിട്ടില്ല.

വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാനവർദ്ധനവ് നേടാവുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സർക്കാർ നിർദ്ദേശിച്ചു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്. നിലവിലുള്ള മുഴുവൻ കെട്ടിടങ്ങളുടേയും പരിശോധന പൂർത്തിയാക്കി നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വഴി നടത്തുന്ന ജി.ഐ.എസ് മാപ്പിംഗിന്റെ ഗുണഫലം ഈ ആവശ്യത്തിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

2. ഭൗതിക സാഹചര്യങ്ങൾ, ജനങ്ങളുടെ ക്രയശേഷി എന്നിവ വിശകലനം ചെയ്ത് കൊണ്ട് ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നത് ഉചിതമാണോയെന്ന് പരിശോധിക്കാവുന്നതാണ്.

3. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി എല്ലാവരും നികുതി ഒടുക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

4.വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലൈസൻസ് എടുക്കുന്നുണ്ടെന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

1-11 അനധികൃത നിർമ്മാണം - നടപടിയില്ലാതെ തുടരുന്നു

പാലമേൽ ഗ്രാമപഞ്ചായത്ത് വാർഡ് 19 ൽ 321 എ, ബി, സി, ഡി, ഇ എന്ന് നമ്പർ നൽകി 2022-23 ൽ നികുതിനിർണ്ണയം നടത്തിയ ശ്രീ. പ്രസാദിന്റെ (അനന്ദു ഭവനം, എരുമക്കുഴി) ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം പഞ്ചായത്തിലെ എൻജിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ ഓഡിറ്റിന്റെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചതിൽ സെക്രട്ടറി അംഗീകരിച്ച കംപ്ലീഷൻ പ്ലാനിൽ ഇല്ലാത്തതും പെർമിറ്റ് എടുക്കാതെ നടത്തിയതുമായ അധിക നിർമ്മിതി, പാർക്കിംഗ് സ്ഥലം മറ്റ് ആവശ്യത്തിന് ഉപയോഗിക്കൽ തുടങ്ങിയ കാരണങ്ങളാൽ പ്രസ്തുത കെട്ടിടം തന്നെ അനധികൃത നിർമ്മാണമായി മാറ്റപ്പെട്ടിരിക്കുന്നതായി വ്യക്തമാകുന്നു.

പാലമേൽ വില്ലേജ്, ബ്ലോക്ക് 21, സർവ്വേനം 399/4-2, 4-3, 4-4 ൽ 2.22 ആർ വസ്തുവിൽ സ്ഥിതി ചെയ്യുന്ന

ഈ കെട്ടിടത്തിന്റെ മുൻഭാഗത്ത് തറനിലയിൽ 9.8മീ. നീളത്തിലും 4.6 മീ. വീതിയിലും കംപ്ലീഷൻ പ്ലാനിൽ പാർക്കിംഗ് ആയി രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം പൂർണ്ണമായും പ്രദർശന-വിപണനാർത്ഥം കെട്ടിട നിർമ്മാണ സാമഗ്രികൾ സംഭരിച്ച് വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തി വരുന്നു. ഇത് മൂലം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ (ചട്ടം 29, പട്ടിക 10) വ്യവസ്ഥ ചെയ്യുന്ന തെരുവ് വിട്ടുള്ള പാർക്കിംഗ് സ്ഥലം ഈ കെട്ടിടത്തിന് ഇല്ലാതായി.

ഇത് കൂടാതെ കെട്ടിടത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് തറ നിലയിൽ 38.95 ച.മി (10.7x3.35+1x3.1) വിസ്തീർണ്ണത്തിലും ഒന്നാം നിലയിൽ മേൽപ്പറഞ്ഞതിനും ശൗചാലയത്തിനും മുകളിലായി 46.85 ച.മീ (10.7x3.35+ 2.5x4.4) വിസ്തീർണ്ണത്തിലും ടിൻഷീറ്റ്, ജി.ഐ. പൈപ്പ്, ഇരുമ്പ് നെറ്റ് എന്നിവ കൊണ്ട് നടത്തിയ അധിക നിർമ്മാണത്തിന് പെർമിറ്റ് എടുത്തിട്ടില്ല. മാത്രമല്ല ഈ നിർമ്മാണം വഴി കെട്ടിടത്തിന്റെ കവറേജ്, അതിരുകളിൽ നിന്ന് പാലിക്കേണ്ട അകലം എന്നിവ സംബന്ധിച്ച പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾ (ചട്ടം 26, 27) ലംഘിക്കപ്പെടുകയും തദ്വാരാ കെട്ടിടം തന്നെ അനധികൃതമായി മാറുകയും ചെയ്തു.

കെട്ടിടത്തിന്റെ തറനിലയിലും ഒന്നാം നിലയിലും പടിഞ്ഞാറ് ഭാഗത്ത് ഉള്ള തുറന്ന വരാന്ത നിലവിൽ പൂർണ്ണമായും പാർശ്വങ്ങൾ മറച്ച് ഉപയോഗപ്പെടുത്തിയിരിക്കുന്നു.

കെട്ടിടം പരിശോധിച്ച് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 20/07.11.23) മറുപടിയും ലഭ്യമായില്ല.

മേൽപ്പറഞ്ഞ അനധികൃത നിർമ്മാണത്തിന്റെ മാത്രം വസ്തുനികുതി (അനധികൃതമാകയാൽ സാധാരണ നികുതിയും അതിന്റെ ഇരട്ടിയും ചേർന്നതുക) 27798 രൂപ വരും ((46.85+38.95)x90x3) +20% (വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലെ വർദ്ധനവ്)). ഇത് കൂടാതെ വസ്തുനികുതി നിർണ്ണയത്തിൽ ഒഴിവാക്കിയ തറ നിലയിലെ 20.33 ച.മീ (1.9x10.7), ഒന്നാം നിലയിലെ 28.79 ച.മീ (1.9x15.15) വിസ്തീർണ്ണമുള്ള വരാന്തകൾ കെട്ടിമറച്ച് വാണിജ്യാവശ്യത്തിനായി ഉപയോഗിച്ച് വരുന്നു. ഈ ഭാഗത്തിന് 15915 രൂപ വസ്തു നികുതി വരും (((20.33+28.79)x90x3 )+ 20%).

ഇങ്ങനെ കംപ്ലീഷൻ പ്ലാനിൽ നിന്ന് അധികമായി നിർമ്മിച്ച ഭാഗത്തിന് തന്നെ 43713 രൂപ (27798+15915) വസ്തു നികുതി വരും. ഇത് കൂടാതെ പാർക്കിംഗ് ഏരിയ തരം മാറ്റിയത്, കവറേജിലും അതിരിൽ നിന്നുള്ള അകലത്തിലും അനധികൃത നിർമ്മാണം മൂലമുണ്ടായ വ്യതിയാനം എന്നിവ മൂലം കെട്ടിടം ആകെ, 243.31 ച.മീ. യും, അനധികൃതമായി മാറി. ഇതിൽ മേൽപ്പറഞ്ഞ വരാന്ത 49.12 ച.മീ. കഴിച്ച് 194.19 ച.മീ.യുടെ വസ്തു നികുതി 62919 രൂപ വരും ((194.19x 90x 3)+ 20%).

അനധികൃത നിർമ്മാണത്തിന് വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും നിയമ വിധേയമല്ലാതെ നിർമ്മിച്ചതും റഗുലറൈസ് ചെയ്യാൻ കഴിയാത്തതുമായ ഭാഗം പൊളിച്ച് നീക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഒരു കർമ്മ പദ്ധതി രൂപീകരിക്കേണ്ടതാണ്.

## 1-12 വലിയ കെട്ടിടങ്ങളുടെ തറനിർമ്മിതി പുനപരിശോധിക്കേണ്ടതിന്റെ ആവശ്യകത

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 250 ച.മീ.യിൽ അധികം തറവിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക്, അവയുടെ തറ നിർമ്മിതി ഗ്രാനൈറ്റ്, ഇറ്റാലിയൻ ടൈൽ, മേൽത്തരം തടി മുതലായ വസ്തുക്കൾ ഏതെങ്കിലും കൊണ്ടാണെങ്കിൽ, വസ്തുനികുതിയിൽ 10 ശതമാനം വർദ്ധനവ് വരുത്തേണ്ടതാണ്. ഈ പഞ്ചായത്തിൽ 2022-23 ൽ നികുതി നിർണ്ണയം നടത്തിയ 250 ച.മീ.യിൽ അധികം തറവിസ്തീർണ്ണമുള്ള ചില വാസഗൃഹങ്ങൾക്ക് ഈ വർദ്ധനവ് വന്നിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

1)വാർഡ് -4 കെട്ടിട നം. 505എ (ഉടമസ്ഥൻ ശ്രീ. ബിജു പൊന്നപ്പൻ, കൊടുവിരുത്തി വടക്കതിൽ), വിസ്തീർണ്ണം – 338.22 ച.മീ.

2) വാർഡ് നം.18, കെട്ടിട നം.428എ (ഉടമസ്ഥ സുധ, കാഞ്ഞിരവിളയിൽ പടീറ്റതിൽ)- വിസ്തീർണ്ണം –

276.01 ച.മീ.

250 ച.മീ.യിൽ അധികം തറവിസ്തൃതിയുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പുന:പരിശോധിച്ച് അവ മേൽപ്പറഞ്ഞ ഉന്നത തരം വസ്തുക്കൾ കൊണ്ടാണെങ്കിൽ വസ്തുനികുതിയിൽ 10 ശതമാനം വർദ്ധനവ് വരുത്തേണ്ടതാണ്.

1-13 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാത്തതുമൂലം വരവ് നഷ്ടം

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പാലമേൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ താഴെ ചേർക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | മുത്തൂറ്റ് ഫിൻകോർപ്പ്,നൂറനാട് | I & II |
| 2. | മുത്തൂറ്റ് മിനി ഫിനാൻസ് | I & II |
| 3. | മുത്തൂറ്റ് മൈക്രോ ഫിൻ,ആദിക്കാട്ടുകുളങ്ങര | I & II |
| 4. | ഇടവന ഫിനാൻസിയേഴ്സ് | I & II |
| 5. | എൻ സി എസ്സ് ഫിനാൻസ് പ്റൈവറ്റ് ലി. | II |
| 6. | മിനി മുത്തൂറ്റ് നിധി,കൊടശ്ശനാട് | I & II |
| 7. | പൂവമ്പിൽ ഫിനാൻസ് | I & II |
| 9. | മുളമൂട്ടിൽ നിധി ലി. | I & II |
| 10. | വി എസ്സ് എൽ ഫിനാൻസിയേഴ്സ് | II |
| 11. | എച്ച് ഡി എഫ് സി ബാങ്ക്, നൂറനാട് | I & II |
| 12. | ഇൻഡൽ മണി | I |
| 13. | സംഗമം ഫിനാൻസ് | I & II |
| 14. | കൊപ്പാറയിൽ ഫിനാൻസ് | I & II |

സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. മുത്തൂറ്റ് ഫിൻകോർപ്പ്, ആദിക്കാട്ടുകുളങ്ങര എന്ന സ്ഥാപനത്തിലെ താഴെപ്പറയുന്ന ജീവനക്കാർ 2022-23 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി മാത്രമാണ് ഒടുക്കിയിട്ടുള്ളത്.

| ക്രമ നം. | ജീവനക്കാരുടെ പേര് | തുക | അർദ്ധവർഷം |
|---|---|---|---|
| 1. | അഭിജിത്ത് എസ്. | 450 | I |
| 2. | അഭിജിത്ത് വൈ.എസ്. | 750 | I |
| 3. | അഖിൽ ആർ. | 1000 | I |
| 4. | അർജ്ജുൻ കെ.രാജൻ | 750 | I |
| 5 | അർജ്ജുൻ.എ | 1000 | I |

| | | | |
|---|---|---|---|
| 6 | ഹാഷിം.എച്ച് | 750 | l |
| 7 | ശങ്കരൻ | 120 | l |
| | ആകെ | 4820 | |

പ്രസ്തുത ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3. പണയിൽ ശ്രീശബരി സെൻട്രൽ സ്കൂളിലെ 32 ജീവനക്കാരുടെ 2022-23 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി മാത്രമാണ് ഒടുക്കിയിട്ടുള്ളത്. 11380/-രൂപയാണ് പ്രസ്തുത ജീവനക്കാരുടേതായി ഒടുക്കിയിട്ടുള്ളത്. ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത അപാകങ്ങളിന്മേൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 തീയതി 04-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപന തൊഴിൽനികുതിയും പൂർണ്ണമായ തോതിൽ ഈടാക്കാതിരിക്കുന്നത് വരുമാന നഷ്ടത്തിന് ഇടയാക്കും. ആയതിനാൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നുള്ള സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 വാടക കുടിശ്ശിക വർദ്ധിക്കുന്നു,വരവിനങ്ങൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തുന്നില്ല

1.വാടക പിരിവ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടക പിരിവ് ഒട്ടും കാര്യക്ഷമമല്ലെന്ന് ഇതു സംബന്ധമായ പരിശോധനയിൽ കാണുന്നു. തൻ വർഷത്തെയും മുൻവർഷങ്ങളിലെയും കുടിശ്ശികയിനത്തിൽ വലിയ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. മുൻവർഷ കുടിശ്ശികയായ 66576/-രൂപയും തൻവർഷ കുടിശ്ശികയിനത്തിൽ 182607/- രൂപയുമുൾപ്പെടെ ആകെ 249183/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ പുനർലേലം ചെയ്തു നൽകുന്ന കാര്യത്തിലും വീഴ്ച ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധമായ പരാമർശങ്ങൾ മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ തുടർച്ചയായ അലംഭാവമാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുപോലെതന്നെ ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിന് 5548/-രൂപയാണ് പ്രതിമാസവാടകയായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ടി ഓഫീസിൽ നിന്നും 2022-23 വർഷം വാടകയൊന്നും ഒടുക്കിയിട്ടില്ല.

2.ലൈസൻസ് ഫീസ്

പഞ്ചായത്തിലെ ഓരോ വാർഡുകളിലും പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. തൻ വർഷം ലൈസൻസിന് അപേക്ഷ നൽകി ഫീസടച്ചിട്ടുള്ള സ്ഥാപനങ്ങൾ മാത്രമാണ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. പഞ്ചായത്ത് ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങൾ, ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിക്കുന്ന കാര്യത്തിൽ കാര്യക്ഷമമായ സംവിധാനം നിലവിലില്ല.

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ്

സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ, അബ്കാരി കള്ളുഷാപ്പുകൾ, പാൽ സൊസൈറ്റികൾ എന്നീ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്യുന്നില്ല.

ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24 തീയതി 7-11-2023) മറുപടി ലഭ്യമാക്കിയില്ല. പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്താതിരിക്കുകയോ നിലവിലുള്ളവ കാര്യക്ഷമമായി പിരിച്ചെടുക്കുകയോ ചെയ്യാതിരിക്കുന്നത് വരുമാന നഷ്ടത്തിന് ഇടവരുത്തുമെന്നതിനാൽ ഇക്കാര്യത്തിൽ ഭരണ സമിതി പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

1-15 പ്രോജക്ടുകളുടെ നടത്തിപ്പിൽ അനവധാനത - നിരവധി സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പായില്ല, ഫണ്ട് വിനിയോഗം 35.6 ശതമാനം മാത്രം

പാലമേൽ പഞ്ചായത്തിൽ 2022-23 ൽ ആകെ വിഭാവനം ചെയ്ത 217 പ്രോജക്ടുകളിൽ 137 എണ്ണം മാത്രമാണ് പൂർണ്ണമായോ ഭാഗികമായോ നടപ്പായത്. 80 എണ്ണം നടപ്പാക്കാനായില്ല. 24.16 കോടിരൂപ പദ്ധതി അടങ്കൽ നിശ്ചയിച്ച് പ്രോജക്ടുകൾ വിഭാവനം ചെയ്ത് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയെങ്കിലും 8.60 കോടി മാത്രമാണ് ചെലവഴിക്കപ്പെട്ടത്. ഇത് പദ്ധതി അടങ്കലിന്റെ 35.60 ശതമാനം മാത്രമാണ്. വിവിധ നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്തതും നടപ്പാക്കിയതുമായ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ* | നടപ്പാക്കൽ ശതമാനം | അടങ്കൽ (രൂപ) | ചെലവ് (രൂപ) | ചലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 8 | 72.73 | 11999155 | 5820945 | 48.51 |
| വെറ്ററിനറി സർജൻ | 8 | 8 | 100 | 2158510 | 2069478 | 95.88 |
| ഡയറി ഫാം ഇൻസ് ട്രക്ടർ | 2 | 2 | 100 | 1100000 | 1044371 | 94.91 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 10 | 7 | 70 | 7816338 | 5118678 | 65.48 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 100 | 150000 | 150000 | 100 |
| ഹെഡ്മിസ്ട്രസ് | 11 | 3 | 27.27 | 2062200 | 730880 | 35.45 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 9 | 81.82 | 11897577 | 5203929 | 43.73 |
| വി.ഇ.ഒ (കുടശ്ശനാട്) | 13 | 3 | 23.08 | 12563047 | 5061073 | 40.28 |

| | | | | | | |
|---|---|---|---|---|---|---|
| വി.ഇ.ഒ (പണയിൽ) | 10 | 9 | 90 | 115850262 | 19709656 | 17.01 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 10 | 71.42 | 7533050 | 4270838 | 56.68 |
| സെക്രട്ടറി | 38 | 18 | 47.36 | 24310551 | 10649006 | 43.77 |
| അസിസ്റ്റന്റ് എൻജിനീയർ | 87 | 58 | 66.67 | 44161817 | 26209585 | 59.35 |
| ആകെ | 217 | 137 | 63.13 | 241602507 | 86038439 | 35.60 |

* പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയ പ്രോജക്ടുകൾ

സെക്രട്ടറി ഉൾപ്പടെ ഏഴ് നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് 50 ശതമാനത്തിലും താഴെയാണ്. സെക്രട്ടറി നടപ്പാക്കിയ 18 പ്രോജക്ടുകളിൽ ഏഴും ലൈഫ് വായ്പ തിരിച്ചടവ്, അങ്കണവാടി വർക്കർമാരുടെ വേതന വിഹിതം എന്നീ ഇനങ്ങളിൽ വികസന ഫണ്ട് ഉത്ഭവത്തിൽ തന്നെ കുറവ് ചെയ്യപ്പെട്ടവയാണ്. ഇവ ഒഴിച്ച് നിർത്തിയാൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം 28.95 ആയി കുറയും. നിരവധി സ്പിൽ ഓവർ പ്രോജക്ടുകളാണ് നടപ്പാകാതെ പോയത്. ഇതിൽ ഭൂരിഭാഗവും തനത് ഫണ്ട് വകയിരുത്തിയ പ്രോജക്ടുകളാണ്. എന്നാൽ അഞ്ച് ലക്ഷം രൂപ വികസന ഫണ്ട് (എസ്.സി.പി) വകയിരുത്തിയ പള്ളിമുക്ക് കനാൽ ജംഗ്ഷൻ – കോട്ടാവിള കനാൽ റോഡ് കോൺക്രീറ്റിംഗ് എന്ന സ്പിൽ ഓവർ പ്രോജക്ടും (നം.എസ്.ഒ 0066) നടപ്പാകാതെ പോയവയിൽ ഉൾപ്പെടുന്നു. സ്പിൽ ഓവർ പ്രോജക്ട് നടപ്പാക്കാൻ കഴിയാതെ പോകയാൽ അസിസ്റ്റന്റ് എൻജിനീയർ ഏറ്റെടുത്ത ഈ പ്രോജക്ടിന്റെ ഫണ്ട് പഞ്ചായത്തിന് നഷ്ടമായി. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പിൽ വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം

| ഫണ്ടിനം | അടങ്കൽ(രൂപ) | ചെലവ്(രൂപ) | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 24026510 | 19944128 | 83.00 |
| വികസന ഫണ്ട് (എസ്.സി.പി) | 1700899 | 14246704 | 83.76 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 18817980 | 10151501 | 53.93 |
| തനത് ഫണ്ട് | 29895611 | 5961522 | 19.94 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 14035288 | 11607000 | 82.70 |
| സംരക്ഷണ ഗ്രാന്റ്(റോഡിതരം) | 8738949 | 7349731 | 84.10 |

തനത് ഫണ്ട് വകയിരുത്തിയ പ്രോജക്ടുകളാണ് പ്രധാനമായും നടപ്പാക്കാനാകാതെ പോയത്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് മാത്രം പ്രോജക്ടുകൾ വിഭാവനം ചെയ്യാനും അവ സമയബന്ധിതമായി നടപ്പാക്കുന്നു എന്ന് ഉറപ്പിക്കാനും ശ്രദ്ധ ചെലുത്തേണ്ടതാണ്.

മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം

പൊതുവിഭാഗം

| മേഖല | അടങ്കൽ(രൂപ) | ചെലവ്(രൂപ) | ചെലവ് ശതമാനം |
|---|---|---|---|
| ഉത്പാദനം | 21821428 | 8840423 | 40.51 |
| സേവനം | 102278528 | 34547337 | 33.78 |

| | | | |
|---|---|---|---|
| പശ്ചാത്തലം | 33339092 | 17797894 | 53.38 |

പട്ടിക ജാതി വിഭാഗം

| മേഖല | അടങ്കൽ(രൂപ) | ചെലവ്(രൂപ) | ചെലവ് ശതമാനം |
|---|---|---|---|
| ഉത്പാദനം | 150000 | 94371 | 62.91 |
| സേവനം | 82198611 | 23839645 | 29.00 |
| പശ്ചാത്തലം | 1814848 | 918769 | 50.63 |

ഇരു വിഭാഗങ്ങളിലോയും സേവന മേഖലയിലെ ചെലവ് മൂന്നിലൊന്നിലും താഴെ മാത്രമാണ്. പ്രോജക്ടുകളുടെ നിർവ്വഹണം കാര്യക്ഷമമാക്കാൻ ഭരണ സമിതിയുടെ സവിശേഷ ഇടപെടൽ ആവശ്യമാണ്.

1-16 ഇ.എം.എസ്.ഭവനപദ്ധതി-ചെലവഴിക്കാത്ത വായ്പ തുക തനതുഫണ്ടിൽ -സർക്കാരിന് പലിശബാധ്യത

ഇ.എം.എസ്.ഭവനപദ്ധതിയ്ക്ക് വേണ്ടി, പാലമേൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും ഗ്രാമ പഞ്ചായത്ത് വായ്പയെടുത്ത 1,88,52,500 രൂപയും വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പ്രോജക്ടുകൾ പ്രകാരം ലഭ്യമാക്കിയ തുകകളും 3 വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകൾ (നം.1447, 1451, 1797) പ്രകാരമാണ് കൈകാര്യം ചെയ്തിരുന്നത്. പാസ്സ് ബുക്കുകൾ പരിശോധിച്ചതിൽ പ്രസിഡന്റിന്റേയും സെക്രട്ടറിയുടേയും പേരുകളിലായാണ് അക്കൌണ്ടുകൾ ആരംഭിച്ചിട്ടുള്ളത്. ഭവനപദ്ധതി പൂർത്തീകരിച്ച ശേഷവും ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് 27,31,041/- രൂപ അക്കൌണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്നുവെന്നും ടി തുക പാലമേൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (4018) അക്കൌണ്ടിൽ ഇ.എം.എസ്.ഭവനപദ്ധതി വായ്പ ഇനത്തിൽ 13,01,013/-രൂപ തിരിച്ചടക്കാനുള്ളതിൽ ക്രമീകരിക്കുന്നതിനും ബാക്കിയുള്ള 14,30,028/- രൂപ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഹഡ്കോ ലോൺ കുറച്ച് വാങ്ങുന്നതിനും 15-11-2019 ലെ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ട്(തീരുമാനം.നം.1(9)). എന്നാൽ നിലവിലും പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ ടി തുക തുടരുന്നതായി കാണുന്നു. കൂടാതെ പാലമേൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 1797-ാം നമ്പർ അക്കൌണ്ടിൽ ബാലൻസുള്ള 167443/-രൂപയും പലിശയും ഉൾപ്പടെ 195732/-രൂപ അതേ ബാങ്ക് അക്കൗണ്ടിൽ തന്നെ തുടരുന്നു. പ്രസ്തുത തുക തനതു ഫണ്ടിലേക്ക് ഒടുക്കി പഞ്ചായത്തിന്റെ ലയബിലിറ്റി ഹെഡ്ഡിലേക്ക് പോലും മാറ്റിയിട്ടില്ല. മാത്രമല്ല ഇ.എം.എസ്. പദ്ധതിയ്ക്കു വേണ്ടി ബാങ്കിൽ നിന്നും ലോൺ എടുത്ത ഇനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന 13,01,013/- രൂപ തനതുഫണ്ടിൽ നിന്ന് പ്രോജക്ട് വെച്ചാണ് തിരിച്ചടച്ചിട്ടുള്ളത്. പഞ്ചായത്ത് ഉപയോഗപ്രദമാക്കാത്ത 27 ലക്ഷത്തോളം രൂപയ്ക്കാണ് സർക്കാരിന് പലിശബാധ്യത വരുത്തിയിട്ടുള്ളത്. പഞ്ചായത്ത് കമ്മറ്റി തീരുമാനവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15 തീയതി 04-11-2023) ലൈഫ് പദ്ധതിക്കായി തുക ഉപയോഗപ്പെടുത്താമോ എന്നതിന്റെ സാധ്യത പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പദ്ധതി ആസൂത്രണത്തിലും നടപ്പാക്കിയതിലുമുള്ള ന്യൂനതകൾ കാരണമാണ് 27 ലക്ഷത്തോളം രൂപ ഉപയോഗപ്രദമാക്കാൻ പഞ്ചായത്തിന് സാധിക്കാഞ്ഞത്. സർക്കാർ നിർദ്ദേശാനുസരണം ബാങ്കിൽ നിന്നും എടുക്കുന്ന ലോൺ തുക കൃത്യമായി ചെലവഴിക്കാതെ സർക്കാരിന് വൻ തുക പലിശ ബാദ്ധ്യത വരുത്തുന്നത് തെറ്റായ പ്രവണതയാണ്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ലൈഫ് ഭവനപദ്ധതിയ്ക്കായി പ്രസ്തുത തുക ചെലവഴിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് .

1-17 നിക്ഷേപ പ്രവൃത്തികൾ-റീ ഫണ്ട് ചെയ്ത തുക സർക്കാരിലേക്ക് തിരിച്ചടച്ചില്ല

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ, 18-06-2022 ലെ രസീത് നം.1220101045 പ്രകാരം വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും 3,24,524/- രൂപ (ചെക്ക്.നം. 271872/തീയതി 25-04-2022) പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ടി തുക 2018-19 വർഷം വാട്ടർ അതോറിറ്റിയിൽ മുൻകൂറായി പഞ്ചായത്ത് നിക്ഷേപിച്ച തുകയിൽ, വിനിയോഗിക്കാതെ ശേഷിച്ചത് തിരികെ ലഭിച്ചിട്ടുള്ളതാണ്. പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടായ ആലപ്പുഴ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ തുക ഒടുക്കിയിട്ടുള്ളതായും വാർഷിക കണക്കിൽ പഞ്ചായത്തിന്റെ ലയബിലിറ്റി ഹെഡ്ഡിൽ ടി തുക അക്കൗണ്ട് ചെയ്യാതെയും കാണുന്നു. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറി (നം.2 തീയതി 30-10-2023 ന്), ലഭ്യമാക്കിയ മറുപടിയിൽ തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ചുകൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നുള്ള ചെലവാകയാൽ 3,24,524/- രൂപ അടിയന്തിരമായി സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 മുകളുവിള കുടിവെള്ള പദ്ധതി – ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

മുകളുവിള കുടിവെള്ള പദ്ധതി(നം. എസ്.ഒ 0039/23)
നിർവ്വഹണം -സെക്രട്ടറി
അടങ്കൽ – 1568000/- രൂപ
ചെലവ് – 358000/- രൂപ
ബിൽ നം – 387/29.3.23 (സി.എഫ്.സി ഗ്രാന്റ്)
സെക്രട്ടറി നിർവ്വഹണം നടത്തിയ മുകളുവിള കുടിവെള്ള പദ്ധതി എന്ന സ്പിൽ ഓവർ പ്രോജക്ട് വഴി (നം. എസ്.ഒ 0039/23) തൻവർഷം 358000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചെങ്കിലും പദ്ധതി പൂർത്തിയായി ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിൽ ആ വിവരം ഓഡിറ്റിൽ അറിയിക്കുവാനും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/03.11.23) മറുപടി നൽകിയില്ല. പ്രവൃത്തി പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ 358000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 മത്സ്യമാർക്കറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല

മത്സ്യഫെഡിന്റെ ധനസഹായത്താൽ പാലമേൽ ഗ്രാമപഞ്ചായത്തിലെ ആദിക്കാട്ടുകുളങ്ങര ജംഗ്ഷനിൽ, പഞ്ചായത്തിന്റ അധീനതയിലുള്ള വസ്തുവിൽ 554 ച.മീറ്റർ വലിപ്പം വരുന്ന മത്സ്യമാർക്കറ്റ് നിർമ്മിച്ചിട്ടുണ്ട്. മത്സ്യവ്യാപാരത്തിനുള്ള ഹാൾ, ഫ്രീസർ റൂം, ബാത്ത്റൂം എന്നിവ ഉൾപ്പെട്ട താഴത്തെ നിലയും ഉപയോഗിയ്ക്കാവുന്ന 4 സ്റ്റാൾ റൂം, ഓഫീസ് റൂം, വിശ്രമമുറി എന്നിവ ഉൾപ്പെട്ട മുകളിലത്തെ നിലയുമാണ് നിർമ്മിച്ചിട്ടുള്ളത്. 07-01-2019-ൽ നിർമ്മാണം പൂർത്തിയാക്കി കെട്ടിടം പഞ്ചായത്തിന് കൈമാറിയതും നമ്പറിംഗ് ഉൾപ്പടെ പൂർത്തിയായിട്ടുള്ളതുമാണ്. 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം.1-27 പ്രകാരം മേൽ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. കെട്ടിടം കൈമാറി വർഷങ്ങളായിട്ടും നിലവിലും സ്ഥാപനം ലേലം ചെയ്തു കൊടുക്കുകയോ പ്രവർത്തനം തുടങ്ങുകയോ ചെയ്തിട്ടില്ല. മത്സ്യമാർക്കറ്റ് പ്രവർത്തനം ആരംഭിയ്ക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1-20 ജി.ഐ.എസ് മാപ്പിംഗ് – നിയമാനുസൃത തുകക്കുള്ള മുദ്രപ്പത്രം ഉപയോഗിക്കാതെ കരാർ ചമച്ചു, മുൻകൂർ തുകയിൽ ആദായ നികുതി, ജി.എസ്.റ്റി കുറവ് ചെയ്തില്ല.

സെക്രട്ടറി നടപ്പാക്കിയ 'ഒരു ദീപം പല നാളം' എന്ന പ്രോജക്ട് വഴി(നം. S0029/23) പഞ്ചായത്തിന്റെ

ജി.ഐ.എസ് മാപ്പിംഗ് നടത്തുന്നതിന് 20 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് ഉരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി 01.02.2023 ൽ പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാറിന്റെ അനക്സർ 'സി' പ്രകാരം 19,99,994 രൂപയാണ് ആകെ ഈ പ്രവൃത്തിക്ക് പ്രസ്തുത സ്ഥാപനത്തിന് നൽകേണ്ടത്. അനക്സർ – എ പ്രകാരം ആദ്യ 21 ദിവസത്തിൽ ഘട്ടം ഒന്നും തുടർന്ന് 120, 21, 15 ദിവസങ്ങളിലായി യഥാക്രമം ഘട്ടം 2, 3, 4 എന്നിവയും പൂർത്തിയാക്കുന്നതാണ് എന്നും വ്യവസ്ഥ ചെയ്യുന്നു. അതായത് 177 ദിവസത്തിൽ പ്രവൃത്തി പൂർത്തിയാകേണ്ടതാണ്. കരാർ അനക്സർ 'സി' പ്രകാരം ഉരാളുങ്കൽ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകേണ്ട 399999 രൂപ മുൻകൂർ 13.03.23 ൽ പഞ്ചായത്ത് പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1)കേരള സ്റ്റാമ്പ് ആക്ട്, ഷെഡ്യൂൾ 5 എഫ് ലെ വ്യവസ്ഥ അനുസരിച്ച് കരാർ ചമയ്ക്കുമ്പോൾ കരാർ തുകയുടെ ഓരോ 1000 രൂപയ്ക്കും അതിന്റെ അംശത്തിനും ഒരു രൂപ എന്ന നിരക്കിൽ (കുറഞ്ഞത് 200 രൂപയിലും പരമാവധി ഒരു ലക്ഷം രൂപയിലും നിജപ്പെടുത്തി) ഉള്ള മൂല്യത്തിന് മുദ്രപ്പത്രം ഉപയോഗിക്കേണ്ടതാണ്. ഇത് പ്രകാരം ഈ കരാറിൽ 2000 രൂപയുടെ മുദ്രപ്പത്രം ഉപയോഗിക്കേണ്ടതായിരുന്നു. എന്നാൽ 200 രൂപയുടെ പത്രം മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. ഇതുമൂലം മുദ്രവിലയിനത്തിൽ സർക്കാറിന് 1800 രൂപയുടെ (2000-200) നഷ്ടം ഉണ്ടായി, എന്ന് മാത്രമല്ല നിയമാനുസൃത വിലകുള്ള മുദ്രപ്പത്രം ഉപയോഗിക്കാതിരുന്നതിനാൽ കരാർ തന്നെ നിയമപരമല്ലാത്തതായി തീരുന്നു.

2) മുൻകൂർ ആയി നൽകിയ 399999 രൂപയിൽ 338982 രൂപ ഉരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ലഭിക്കേണ്ട തുകയും 61017 രൂപ ജി.എസ്.റ്റിയും ആണ് (കരാറിന്റെ അനക്സർ 'സി'). ഈ തുകയിൽ നിന്ന് നിയമാനുസൃതം കുറവ് ചെയ്യേണ്ട 2 ശതമാനം വീതം ആദായ നികുതി, ജി.എസ്.റ്റി എന്നിവ കുറവ് ചെയ്തില്ല. ആദായ നികുതി, ജി.എസ്.റ്റി ഇനങ്ങളിൽ 6780 രൂപ വീതം കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കേണ്ടിയിരുന്നതാണ്.

3)മുൻകൂർ തുക 13.3.23 ൽ നൽകിയിട്ടുള്ളതിനാൽ അന്നുമുതൽ കരാർ നിലവിൽ വന്നതായി കണക്കാക്കാം. ഇത് വച്ച് കണക്കാക്കുമ്പോൾ കരാറിൽ വ്യവസ്ഥ ചെയ്യുന്ന സമയക്രമം അനുസരിച്ച് 2023 ഏപ്രിൽ 2ന് (21 ദിവസം) ആദ്യഘട്ടവും ജൂലൈ 31 ന് (120 ദിവസം) രണ്ടാം ഘട്ടവും ആഗസ്റ്റ് 21 ന് (21 ദിവസം) മൂന്നാം ഘട്ടവും സെപ്തംബർ 5 ന് (15 ദിവസം) അവസാനഘട്ടവും പൂർത്തിയാകേണ്ടതാണ്. 01.11.2023 ൽ ഓഡിറ്റ് നടക്കുമ്പോഴും ജി.ഐ.എസ് മാപ്പിംഗ് പൂർത്തിയായതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. അന്വേഷണത്തിൽ മാപ്പിംഗ് പൂർത്തിയായിട്ടില്ല എന്ന് വ്യക്തമാകുന്നു.

നിയമാനുസൃത തുകക്കുള്ള മുദ്രപ്പത്രം ഉപയോഗിക്കാതെ കരാർ ചമച്ചതിന്റേയും ആദായ നികുതി, ജി.എസ്.റ്റി എന്നിവ കുറവ് ചെയ്യാതിരുന്നതിന്റേയും കാരണം വ്യക്തമാക്കുവാനും പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിൽ ആ വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കുവാനും അഥവാ പൂർത്തീകരണ സമയം നിയമാനുസരണം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിൽ ആ വിവരവും അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/03.11.23) മറുപടിയും നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയില്ല.

നിയമാനുസൃത തുകയ്ക്ക് ഉള്ള മുദ്രപ്പത്രം ഉപയോഗപ്പെടുത്തി കരാർ ചമയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മുദ്രവിലയിനത്തിൽ കുറവ് വന്ന 1800 രൂപ ഉരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് ലഭ്യമാക്കുകയോ ആയത് സാദ്ധ്യമാകാത്ത പക്ഷം കരാർ ചമച്ച സെക്രട്ടറിയിൽ നിന്നും ഈടാക്കിയോ സർക്കാർ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

മുൻകൂർ നൽകിയ തുകയിൽ നിന്ന് കുറവ് ചെയ്യാതിരുന്ന ജി.എസ്.റ്റി, ആദായനികുതി എന്നിവ (6780 രൂപ വീതം) ഉരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് ലഭ്യമാക്കുകയോ അഥവാ തുടർന്ന് നൽകുന്ന ബിൽ തുകയിൽ നിന്ന് ആയതിന്റെ ജി.എസ്.റ്റി, ആദായനികുതി എന്നിവയ്ക്ക് ഒപ്പം കുറവ് ചെയ്യുകയോ ചെയ്ത് ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. പ്രവൃത്തി യഥാകാലം പൂർത്തിയായിട്ടില്ലെങ്കിൽ നിയമാനുസൃത പീനൽ നടപടി സ്വീകരിച്ചു കൊണ്ട് കരാർ പുതുക്കേണ്ടതാണ്.

ചെലവ് – വൗച്ചർ നം. – 22200936/13.03.2023 – 399999 രൂപ (തനത് ഫണ്ട്)

1-21 സോളാർ ലൈറ്റ് സ്ഥാപിക്കൽ - അപാകത

പ്രോജക്ട് നം.S0082/23

പ്രോജക്ടിന്റെ പേര് - നിലാവ് (എസ്.സി.കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ)

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ട്:-വികസന ഫണ്ട് (എസ്.സി.പി.)

ചെലവ് വിവരങ്ങൾ

ബിൽ റഫ.നം. 22070852015800501530/10-02-23, തുക 999600/- രൂപ

7 കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനായിട്ടാണ് പദ്ധതി ഏറ്റെടുത്തതെങ്കിലും 6 എസ്.സി കോളനികളിലാണ് സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുള്ളത്. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുള്ള കോളനികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| കോളനിയുടെ പേര് | വാർഡ് |
|---|---|
| ഐക്കാമത്ത് വിള കോളനി | 14 |
| കൊച്ച് പാലവിള കോളനി | 17 |
| ഗണപതിശ്ശേരി കോളനി | 16 |
| കോതകുളം കോളനി | 1 |
| മലയിൽ കോളനി | 2 |
| വൻമേലിൽ കോളനി | 5 |

ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്ന് ലഭ്യമായ റിപ്പോർട്ടിൽ, വാർഡ് 15 ലെ വള്ളിമുകളിൽ കോളനിയിൽ ജനറൽ വിഭാഗം പോപ്പുലേഷൻ കൂടി നിൽക്കുന്നതിനാൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കില്ല എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ടി ഓഫീസിൽ നിന്ന് ലഭ്യമായ റിപ്പോർട്ട് പ്രകാരം വാർഡ് 1 ലെ കോതകുളം കോളനിയിൽ നിലവിൽ സ്ട്രീറ്റ് ലൈറ്റ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി 5 കോളനികളിലാണ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ടത്. എന്നാൽ 6 കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.

കൂടാതെ പദ്ധതി നിർവഹണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട്, ലൈറ്റ് സ്ഥാപിച്ചത് സംബന്ധിച്ച മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 16/04-11-23) നൽകിയ മറുപടിയിൽ വാർഡ് 1 ലെ കോതകുളം കാഞ്ഞിര വിളയിൽ കോളനിയിൽ നിലവിലുള്ള സോളാർ ലൈറ്റ് ഒറ്റ ലൈറ്റ് മാത്രമുള്ളതാണെന്നും പ്രവർത്തനരഹിതമാണെന്നും വീടുകൾക്ക് ഇടയിലാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ പട്ടികജാതി വികസന ഓഫീസിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഈ തകരാർ പരിഹരിച്ച് പ്രവർത്തന സജ്ജമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. നിലവിലുള്ള ലൈറ്റ് പ്രവർത്തന

സജ്ജമാക്കാൻ നടപടി സ്വീകരിക്കാതെ പുതിയ ലൈറ്റ് സ്ഥാപിച്ചത് വഴി പഞ്ചായത്ത് ഫണ്ടിന് അധിക ബാദ്ധ്യത ഉണ്ടായതായി കാണുന്നു. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റ്, അറ്റകുറ്റപ്പണി നടത്തി പുനഃസ്ഥാപിക്കാൻ സാധിക്കാത്ത വിധത്തിൽ ഉപയോഗശൂന്യമാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഉത്തരവാദപ്പെട്ട അധികാരികളിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ പദ്ധതി നിർവഹണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട്, ലൈറ്റ് സ്ഥാപിച്ചത് സംബന്ധിച്ച മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഈ അപാകതയുടെ അടിസ്ഥാനത്തിൽ ഒരു സോളാർ സ്ട്രീറ്റ് ലൈറ്റ് (6 Meter Pole With 17wx3 Led Street Light ) സ്ഥാപിക്കാൻ വേണ്ടി ചെലവഴിച്ച 166600/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 പഠനമുറി- മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

പ്രോജക്ട് നം.S0162/23

പ്രോജക്ടിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി.

ചെലവ് 1) 200000/-(ട്രഷറി ബിൽ നം. 22070852015801170631/10-02-23)

2) 325000/-(ട്രഷറി ബിൽ നം. 22070852015801523369/28-03-23)

3) 75000/-(ട്രഷറി ബിൽ നം. 22070852015801520715/10-02-23)

ആകെ 600000/- (വികസന ഫണ്ട് - എസ്.സി.പി.)

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം 05 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 4 ഗുണഭോക്താക്കൾ 2023-24 ൽ പഠനമുറി പൂർത്തീകരിച്ചതായി കാണുന്നു. പ്രസാദ് എന്ന ഗുണഭോക്താവ് നിലവിലും പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. പഠനമുറിയുടെ മൂല്യനിർണയ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ 3 ഗുണഭോക്താക്കൾ 120sq.ft.ൽ അധികരിച്ച് പഠനമുറി നിർമ്മിച്ചതായി കാണുന്നു. ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പഠനമുറിയുടെ തറവിസ്തീർണം |
|---|---|
| രാഘവൻ, കളത്തിന്റെ മേലേതിൽ, വാർഡ് -12 | 13.320 Sq.m(143.32 Sq.ft) |
| പൊന്നമ്മ, മാധവ നിവാസ് വാർഡ് -04 | 11.315 Sq.m(121.75 Sq.ft) |
| മനോജ്, മനോജ് ഭവനം വാർഡ് -07 | 13.690 Sq.m(147.30sq.ft) |

ടി അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 16/04-11-23) നൽകിയ മറുപടിയിൽ സ്കർട്ടിംഗ് ഏരിയ, സ്റ്റെപ്പിന്റെ ഏരിയ എന്നിവ കൂടി

ടൈലിന്റെ ഏരിയയിൽ ഉൾപ്പെട്ട് വരുമെന്നും ഇവ ഒഴിവാക്കിയെങ്കിൽ മാത്രമെ കൃത്യമായ നിർമ്മിത വിസ്തീർണം കണക്കാക്കുവാൻ സാധിക്കുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. പഠനമുറിയുടെ വിസ്തൃതി 120 Sq.ft ൽ അധികമാവരുതെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശമുണ്ട് . പഠന മുറിയുടെ വിസ്തൃതി സംബന്ധിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്താൻ തുടർ വർഷങ്ങളിലെ പദ്ധതി നിർവഹണത്തിൽ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പ്രസാദ് എന്ന ഗുണഭോക്താവ് 100000/- രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ടി ഗുണഭോക്താവിനായി ചെലവഴിച്ച 100000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-23 കുടിവെള്ള വിതരണം, പ്രിന്റിംഗ് – ആദായനികുതി കുറവ് ചെയ്തില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ നിയമാനുസൃത ആദായനികുതി ബിൽ തുകയിൽ നിന്ന് കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകത്തിൽ അടച്ചിട്ടില്ല.

1. പ്രോജക്ട് നം.എസ്.ഒ.0031/23)

പേര് :-കുടിവെള്ള വിതരണം 2020-21 ലെ കുടിശ്ശിക നൽകൽ.

ഈ പ്രോജക്ട് മുഖേന 2020-21 ലെ കുടിവെള്ള വിതരണത്തിന് കരാറെടുത്ത ശ്രീ സതീഷ് പി.കെ. ക്ക് നൽകാനുണ്ടായിരുന്ന 2,07,373 രൂപ 13.01.2023 ൽ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക അനുവദിച്ചപ്പോൾ ആദായനികുതി ബില്ലിൽ കുറവ് ചെയ്തിട്ടില്ല. 2074 രൂപ (207373 ന്റെ ഒരു ശതമാനം) ബന്ധപ്പെട്ട ശീർഷകത്തിൽ കുറവ് ചെയ്യേണ്ടതായിരുന്നു.

അടങ്കൽ – 2.5 ലക്ഷം രൂപ

ചെലവ് – 207373 രൂപ (തനത് ഫണ്ട്)

വൗച്ചർ നം. 22200812 / 13.01.2023

2. പ്രോജക്ട് നം.S0118/23

പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ

ഈ പ്രോജക്ട് വഴി പദ്ധതി നടത്തിപ്പിനാവശ്യമായ ഗുണഭോക്തൃ ഫോറങ്ങളും മറ്റ് രേഖകളും വാർഷിക കരാറിന്റെ അടിസ്ഥാനത്തിൽ പ്രിന്റിംഗ് നടത്തിയ ആർച്ചീസ് ഡിസൈൻ & പ്രിന്റിംഗ് എന്ന സ്ഥാപനത്തിന്റെ ഉടമ ശ്രീ. മനോജ് ആർ.ന് 47500 രൂപ നൽകിയതിൽ ആദായനികുതിയായ ഒരു ശതമാനം അതായത് 475 രൂപ കുറവ് ചെയ്തില്ല.

ആദായനികുതി കുറവ് ചെയ്യാതിരുന്നതിന്റെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/03.11.23) മറുപടിയും ലഭ്യമായില്ല. ആദായനികുതിയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 2549 രൂപ (2074+475) പ്രസ്തുത വ്യക്തികളിൽ നിന്നോ അത് സാദ്ധ്യമാകാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

പ്രോജക്ട് അടങ്കൽ – 2 ലക്ഷം രൂപ (35900- വികസന ഫണ്ട് (ജനറൽ), 164100 രൂപ തനത് ഫണ്ട്)

ആകെ ചെലവ് – 70324 രൂപ ( 35900- വികസന ഫണ്ട് (ജനറൽ), 34424 രൂപ തനത് ഫണ്ട്

47500 രൂപയുടെ ചെലവ് –

വൗച്ചർ നം. – 22200723/24.12.22, 11500 രൂപ (തനത് ഫണ്ട്)

ബിൽ നം. – 0929056/16.12.22, 35900 രൂപ (വികസന ഫണ്ട് (ജനറൽ))

## 1-24 കോക്ലിയാർ ഇംപ്ലാന്റേഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

പ്രോജക്ട് നം. S0246/23

പ്രോജക്ടിന്റെ പേര് - കോക്ലിയാർ ഇംപ്ലാന്റേഷൻ ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ

നിർവഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

മേൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ട്രഷറി ബിൽ റഫ.നം.220708520146012127 55/20-02-23 പ്രകാരം 100000/- രൂപ പിൻവലിച്ച് സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിട്ടുണ്ട്. കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തിയ രണ്ട് കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായിട്ടാണ് ഈ തുക നൽകിയിട്ടുള്ളത്. കുട്ടികളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

മുംതാസ് അമൻ, ജമീല മൻസിൽ

എം. സായികൃഷ്ണ, ശിവ ഭവനം

ഇത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9 തീയതി 02-11-2023-ന്) നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നത് വരെ ചെലവ് തുക 100000/- രൂപ താൽക്കാലികമായി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -അപാകതകൾ

പ്രോജക്ട് നം S0093/23

പ്രോജക്ടിന്റെ പേര് -മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്.

നിർവഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ പല അപേക്ഷകളിലും വികലാംഗരുടെ ഐ.ഡി.കാർഡിന്റെ കോപ്പി വച്ചിട്ടില്ല. ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് വളരെ പഴയതും തെളിച്ചം കുറഞ്ഞതുമാണ്. ഐ.ഡി.കാർഡിന്റെ കോപ്പി അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ലാത്ത ഏതാനും ഗുണഭോക്താക്കളുടെ പേര് ചുവടെ ചേർക്കുന്നു.

1.പ്രജീഷ് കുമാർ, പുതുവിളയിൽ.

2.പ്രീതി, പുതുവിളയിൽ

3.അനന്തുമോഹൻ, നന്ദു ഭവനം

4.രാജേഷ്, ചന്ദ്രാലയം

5.വിഷ്ണു വിജയ്

6.അമൽ ജോർജ്ജ്, ചൂരക്കാട്ട് പുത്തൻ വീട്

7.ആരോമൽ കൃഷ്ണൻ, ബിന്ദു ഭവനം

8.മുഹമ്മദ് ഷിനാസ്, പാറവിളകിഴക്കതിൽ

9.ഹസീന എം., തമ്പി ഹൗസ്

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ ഓഡിറ്റ് എൻക്വയറി മുഖേന അറിയിച്ചതിന്(എൻക്വയറി നം. 9 തീയതി 02-11-2023) ലഭ്യമാക്കിയ മറുപടിയിൽ, മേൽ ഗുണഭോക്താക്കൾ ഐ.ഡി.കാർഡിന് അപേക്ഷിച്ചിട്ടുള്ളവരാണെന്നും ഐ.ഡി. കാർഡ് ലഭിക്കുന്ന മുറക്ക് കോപ്പി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ഐ.ഡി.കാർഡ് ലഭിക്കുന്ന മുറക്ക് ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്. സ്കോളർഷിപ്പ് കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ അർഹതാരേഖകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ വർക്കുകളിൽ കരാറുകാരിൽ നിന്നും ജി.എസ്.ടി ഈടാക്കുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30.07.19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ജി.എസ്/16/ആർ.ഇ.ജി.എസ്. സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി.എസ്.ടി. വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ താഴെ ചേർക്കുന്ന മെറ്റീരിയൽ വർക്കുകളുടെ കരാറുകാരിൽ നിന്നും 250000 രൂപയ്ക്ക് മുകളിൽ വരുന്ന വാങ്ങലുകൾക്ക് മെറ്റീരിയൽ കോസ്റ്റിന്റെ 2% വരുന്ന തുക സോഴ്സിൽ കുറവ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | കരാറുകാരന്റെ പേര് | മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ നൽകിയ തുക | എഫ്.റ്റി.ഒ നമ്പർ/ തീയതി | ഈടാക്കേണ്ട ജി.എസ്.ടി |
|---|---|---|---|---|
| കല്ലുവെട്ടാംകുഴി-ആശാൻ കലുങ്ക് റോഡ് കോൺക്രീറ്റിംഗ് | അജിത്ത് എസ്. | 402058/- രൂപ (192844+197347+11867) | 012EATPAYREQ 070703202316344/ 03-10-2022 | 8041/- രൂപ |
| തേവിരേത്ത്മുക്ക് കോൺക്രീറ്റിംഗ് | സുരേഷ് കുമാർ.ബി. | 256998/-രൂപ (183899+73062) | 012EATPAYREQ250420231 6334/03-10-2022 | 5139/- |
| വല്യവീട്ടിൽ അംഗൻവാടി റോഡ് കോൺക്രീറ്റിംഗ് വാർഡ് 18 | സുരേഷ് കുമാർ.ബി. | 256998/-രൂപ (183899+73062) | 012EATPAYREQ010420231 62574/03-10-2022 | 5139/- |
| ആകെ | | | | 18319 |

ജി.എസ്.ടി (ടി.ഡി.എസ്.) ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22 തീയതി 7-11-2023 ) കരാറുകാരിൽ നിന്നും ജി.എസ്.ടി. ഈടാക്കുന്നതാണെന്ന് മറുപടി നൽകി. ജി.എസ്.ടി/(ടി.ഡി.എസ്.) ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി അറിയിക്കേണ്ടതാണ്.

1-27 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ എല്ലാവർക്കും വീട് ലഭ്യമാക്കുക, മുൻകാലങ്ങളിൽ സർക്കാർ ധനസഹായം ഉപയോഗിച്ച് നിർമ്മിച്ചതും എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുക, വീടുകൾ പുനരുദ്ധരിച്ച് വാസയോഗ്യമാക്കുക, വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവർക്ക് പുതിയ വീട് ലഭ്യമാക്കുക, പാവപ്പെട്ട എല്ലാ ഭൂരഹിത ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീട് ലഭ്യമാക്കുക എന്നിവ ലൈഫ് ഭവന പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ ചിലതാണ്. ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ ലൈഫ് ഭവന പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | തൻവർഷം കരാർ വച്ചതും ഭവനനിർമ്മാണം പൂർത്തീകരിച്ചതുമായ | ഭാഗികമായി ഭവനനിർമ്മാണം പൂർത്തീകരിച്ച |
|---|---|---|---|

| | | | ഗുണഭോക്താക്കളുടെ എണ്ണം | | ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2022-23 | 67 | 102 | 13 | 14 | 53 | 80 |

3) ഭവനം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ

2022-23 വർഷം കരാർ വച്ചതും ആദ്യ ഗഡു കൈപ്പറ്റിയശേഷം നാളിതുവരെ ഭവന നിർമ്മാണം ആരംഭിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം./തീയതി | ജനറൽ/ എസ്.സി. |
|---|---|---|---|---|
| 1 | സുശീല സുമാഭവനം പുലിക്കുന്ന് | 40000 | 22070852014801387422/17.03.2023 | എസ്.സി. |
| 2 | സുന്ദരേശൻ പുത്തൻ വിളയിൽ പുലിക്കുന്ന് | 40000 | 22070852014801387422/17.03.2023 | എസ്.സി. |
| 3 | അമ്മിണി പുത്തൻ വിളയിൽ കഞ്ചുക്കോട് വാർഡ് –13 | 40000 | 22070852014801493933/27.03.2023 | എസ്.സി. |
| 4 | കൃഷ്ണ. കെ വാലുതറയിൽ മാമൂട്. | 40000 | 22070852014801493933/27.03.2023 | എസ്.സി. |
| 5 | വിനോദ്.വി വിനോദ് ഭവനം പള്ളിക്കൽ | 40000 | 22070852014801577302/31.03.2023 | എസ്.സി. |
| 6 | രാഘവൻ കുറ്റിവിളയിൽ പണയിൽ | 40000 | 22070852014801577302/31.03.2023 | എസ്.സി. |
| 7 | ചെല്ലമ്മ കോട്ടവിളയിൽ നൂറനാട് ടൗൺ | 40000 | 22070852014801577302/31.03.2023 | എസ്.സി. |
| 8 | രത്നമ്മ രജനിഭവനം പുലിക്കുന്ന് | 40000 | 22070852014800612793/06.10.2022 | എസ്.സി. |
| 9 | സഫിയ പറവിട്ടയ്യത്ത് മേലേതിൽ ആദിക്കാട്ട് കുളങ്ങര | 40000 | 22070852014801393890/18.03.2023 | ജനറൽ |

മേൽ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളെ കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-28 മരുന്ന് പൂർണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്സി നിർവഹണം നടത്തിയ പ്രോജക്റ്റുകൾ വഴി മെഡിക്കൽ ഉപകരണങ്ങൾ/മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക

നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്ന് മെഡിക്കൽ ഉപകരണങ്ങൾ/മരുന്ന് പൂർണമായും ലഭിച്ചിട്ടില്ലായെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | KMSCL ന് നൽകിയ തുക | ട്രഷറി ബിൽ റഫ.നം. | ലഭിച്ച മെഡിക്കൽ ഉപകരണങ്ങൾ/ മരുന്ന് (രൂപയിൽ) | ലഭിക്കാനുള്ള മെഡിക്കൽ ഉപകരണങ്ങൾ/ മരുന്ന് (രൂപയിൽ) |
|---|---|---|---|---|---|
| 16/23 | പാലിയേറ്റീവ് കെയർ | 500000/- | 22070852007301006652/ 29-12-22 | 127430/- | 372570/- |
| 14/23 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | 600000/- | 22070852007300287305/ 01-07-22 | 556893/- | 43107/- |
| ആകെ | | 1100000/- | ആകെ | 684323/- | 415677/- |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/07-11-23 ന് നൽകിയ മറുപടിയിൽ മരുന്ന് ലഭിക്കാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനത്തിൽ അറിയിപ്പ് നൽകിയിട്ടുണ്ടെന്നും മരുന്ന് ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മരുന്ന് ലഭിച്ച വിവരം യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-29 അഗതിരഹിത കേരളം പദ്ധതി -അവലോകനം

നിരാലംബരും നിർദ്ധനരുമായ കുടുംബങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് അഗതിരഹിത കേരളം പദ്ധതി. സംസ്ഥാന സർക്കാർ കുടുംബശ്രീയുമായി സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. ഗുണഭോക്താക്കൾക്ക് അതിജീവനാവശ്യങ്ങളായ ഭക്ഷണം, ചികിൽസാ സഹായം, വസ്ത്രം, പെൻഷൻ, മക്കളുടെ വിദ്യാഭ്യാസത്തിനുള്ള സഹായം, ഭവനരഹിതർക്ക് അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, ശുചിത്വ സംവിധാനം എന്നിവയും ഈ പദ്ധതി ലക്ഷ്യമിടുന്നു.

ഓഡിറ്റ് എൻക്വയറി നം. 17 തീയതി 04-11-23-ന് പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ മറുപടി പ്രകാരം അംഗീകരിച്ച അഗതി രഹിത കേരളം പദ്ധതി (2019-22) പ്രകാരം നിലവിൽ 158 ഗുണഭോക്താക്കളുണ്ട്. ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യം സംബന്ധിച്ചും അഗതികൾക്ക് പഞ്ചായത്ത് അനുവദിച്ച ആനുകൂല്യം സംബന്ധിച്ചുമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| അടിസ്ഥാന ആവശ്യം | ഗുണഭോക്താക്കളുടെ എണ്ണം | വിവിധ പദ്ധതികൾ വഴി ആനുകൂല്യം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| വീട് ആവശ്യമുള്ളവർ | 36 | 25 |
| ഭൂരഹിതർ | 09 | 05 |
| കുടിവെള്ള സൗകര്യമില്ലാത്തവർ | - | - |
| ടോയ്ലെറ്റ് സൗകര്യമില്ലാത്തവർ | - | - |

| | | |
|---|---|---|
| ഭവനപുനരുദ്ധാരണം ആവശ്യമുള്ളവർ | 17 | 10 |

അഗതികളുടെ അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-30 അങ്കണവാടി -അവലോകനം

പാലമേൽ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പാലമേൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 30 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 23 എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 05 എണ്ണം വാടക കെട്ടിടത്തിലും 02 എണ്ണം വാടക രഹിതമായും പ്രവർത്തിക്കുന്നു. 30 അങ്കണവാടികളിലും ടോയ്‌ലെറ്റ് സൗകര്യമുണ്ട്. ഒരെണ്ണത്തിന് ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് ഉണ്ട്. 25 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. 30 അങ്കണവാടികളിലും വൈദ്യുതി സൗകര്യം ഉണ്ട്. 29 അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാണ്. എല്ലാ അങ്കണവാടികളിലും അടുക്കളയ്ക്ക് പ്രത്യേകം മുറിയുണ്ട്. എല്ലാ അങ്കണവാടികളിലും ഗ്യാസ് കണക്ഷൻ, ഫാൻ എന്നിവ ഉണ്ട്. ആവശ്യത്തിന് ഫർണീച്ചറും പാത്രങ്ങളും ലഭ്യമല്ല. 01 അങ്കണവാടിയിൽ ടെലിവിഷൻ ലഭ്യമാണ്. 16 അങ്കണവാടികളിൽ റേഡിയോ ലഭ്യമാണ്. എല്ലാ അങ്കണവാടികളും ഫിറ്റ്നെസ് ഉള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കാൻ ഭക്ഷ്യസംഭരണികൾ ലഭ്യമാണ്. മാതൃകാ അങ്കണവാടികൾ നിലവിലില്ല. സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കാനും മറ്റ് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ജി.ഐ.എസ് മാപ്പിംഗ് – നിയമാനുസൃത തുകക്കുള്ള മുദ്രപ്പത്രം ഉപയോഗിക്കാതെ കരാർ ചമച്ചു, മുൻകൂർ തുകയിൽ ആദായ നികുതി, ജി.എസ്.റ്റി കുറവ് ചെയ്തില്ല

സെക്രട്ടറി നടപ്പാക്കിയ 'ഒരു ദീപം പല നാളം' എന്ന പ്രോജക്ട് വഴി(നം. S0029/23) പഞ്ചായത്തിന്റെ ജി.ഐ.എസ് മാപ്പിംഗ് നടത്തുന്നതിന് 20 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് ഉരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി 01.02.2023 ൽ പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാറിന്റെ അനക്സർ 'സി' പ്രകാരം 1999994 രൂപയാണ് ആകെ ഈ പ്രവൃത്തിക്ക് പ്രസ്തുത സ്ഥാപനത്തിന് നൽകേണ്ടത്. അനക്സർ – എ പ്രകാരം ആദ്യ 21 ദിവസത്തിൽ ഘട്ടം ഒന്നും തുടർന്ന് 120, 21, 15 ദിവസങ്ങളിലായി യഥാക്രമം ഘട്ടം 2, 3, 4 എന്നിവയും പൂർത്തിയാക്കുന്നതാണ് എന്നും വ്യവസ്ഥ ചെയ്യുന്നു. അതായത് 177 ദിവസത്തിൽ പ്രവൃത്തി പൂർത്തിയാകേണ്ടതാണ്. കരാർ അനക്സർ 'സി' പ്രകാരം ഉരാളുങ്കൽ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകേണ്ട 399999 രൂപ മുൻകൂർ 13.03.23 ൽ പഞ്ചായത്ത് പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1)കേരള സ്റ്റാമ്പ് ആക്ട്, ഷെഡ്യൂൾ 5 എഫ് ലെ വ്യവസ്ഥ അനുസരിച്ച് കരാർ ചമയ്ക്കുമ്പോൾ കരാർ തുകയുടെ ഓരോ 1000 രൂപയ്ക്കും അതിന്റെ അംശത്തിനും ഒരു രൂപ എന്ന നിരക്കിൽ (കുറഞ്ഞത് 200 രൂപയിലും പരമാവധി ഒരു ലക്ഷം രൂപയിലും നിജപ്പെടുത്തി) ഉള്ള മൂല്യത്തിന് മുദ്രപ്പത്രം ഉപയോഗിക്കേണ്ടതാണ്. ഇത് പ്രകാരം ഈ കരാറിൽ 2000 രൂപയുടെ മുദ്രപ്പത്രം ഉപയോഗിക്കേണ്ടതായിരുന്നു. എന്നാൽ 200 രൂപയുടെ പത്രം മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. ഇതുമൂലം മുദ്രവിലയിനത്തിൽ സർക്കാറിന് 1800 രൂപയുടെ (2000-200) നഷ്ടം ഉണ്ടായി, എന്ന് മാത്രമല്ല നിയമാനുസൃത വിലകുള്ള മുദ്രപ്പത്രം ഉപയോഗിക്കാതിരുന്നതിനാൽ കരാർ തന്നെ നിയമപരമല്ലാത്തതായി തീരുന്നു.

2) മുൻകൂർ ആയി നൽകിയ 399999 രൂപയിൽ 338982 രൂപ ഉരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ലഭിക്കേണ്ട തുകയും 61017 രൂപ ജി.എസ്.റ്റിയും ആണ് (കരാറിന്റെ അനക്സർ 'സി'). ഈ തുകയിൽ നിന്ന് നിയമാനുസൃതം കുറവ് ചെയ്യേണ്ട 2 ശതമാനം വീതം ആദായ നികുതി, ജി.എസ്.റ്റി എന്നിവ കുറവ് ചെയ്തില്ല. ആദായ നികുതി, ജി.എസ്.റ്റി ഇനങ്ങളിൽ 6780 രൂപ വീതം കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കേണ്ടിയിരുന്നതാണ്.

3)മുൻകൂർ തുക 13.3.23 ൽ നൽകിയിട്ടുള്ളതിനാൽ അന്നുമുതൽ കരാർ നിലവിൽ വന്നതായി കണക്കാക്കാം. ഇത് വച്ച് കണക്കാക്കുമ്പോൾ കരാറിൽ വ്യവസ്ഥ ചെയ്യുന്ന സമയക്രമം അനുസരിച്ച് 2023 ഏപ്രിൽ 2ന് (21 ദിവസം) ആദ്യഘട്ടവും ജൂലൈ 31 ന് (120 ദിവസം) രണ്ടാ ഘട്ടവും ആഗസ്റ്റ് 21 ന് (21 ദിവസം) മൂന്നാം ഘട്ടവും സെപ്തംബർ 5 ന് (15 ദിവസം) അവസാനഘട്ടവും പൂർത്തിയാകേണ്ടതാണ്. 01.11.2023 ൽ ഓഡിറ്റ് നടക്കുമ്പോഴും ജി.ഐ.എസ് മാപ്പിംഗ് പൂർത്തിയായതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. അന്വേഷണത്തിൽ മാപ്പിംഗ് പൂർത്തിയായിട്ടില്ല എന്ന് വ്യക്തമാകുന്നു.

നിയമാനുസൃത തുകക്കുള്ള മുദ്രപ്പത്രം ഉപയോഗിക്കാതെ കരാർ ചമച്ചതിന്റേയും ആദായ നികുതി, ജി.എസ്.റ്റി എന്നിവ കുറവ് ചെയ്യാതിരുന്നതിന്റേയും കാരണം വ്യക്തമാക്കുവാനും പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിൽ ആ വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കുവാനും അഥവ പൂർത്തീകരണ സമയം നിയമാനുസരണം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിൽ ആ വിവരവും അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം11/03.11.23) മറുപടിയും നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയില്ല.

നിയമാനുസൃത തുകയ്ക്ക് ഉള്ള മുദ്രപ്പത്രം ഉപയോഗപ്പെടുത്തി കരാർ ചമയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മുദ്രവിലയിനത്തിൽ കുറവ് വന്ന 1800 രൂപ ഉരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് ലഭ്യമാക്കയോ ആയത് സാദ്ധ്യമാകാത്ത പക്ഷം കരാർ ചമച്ച സെക്രട്ടറിയിൽ നിന്നും ഈടാക്കിയോ സർക്കാർ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

മുൻകൂർ നൽകിയ തുകയിൽ നിന്ന് കുറവ് ചെയ്യാതിരുന്ന ജി.എസ്.റ്റി, ആദായനികുതി എന്നിവ (6780 രൂപ വീതം) ഉരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് ലഭ്യമാക്കയോ അഥവ തുടർന്ന് നൽകുന്ന ബിൽ തുകയിൽ നിന്ന് ആയതിന്റെ ജി.എസ്.റ്റി, ആദായനികുതി എന്നിവയ്ക്ക് ഒപ്പം കുറവ് ചെയ്യുകയോ ചെയ്ത് ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

പ്രവൃത്തി യഥാകാലം പൂർത്തിയായിട്ടില്ലെങ്കിൽ നിയമാനുസൃത പീനൽ നടപടി സ്വീകരിച്ചു കൊണ്ട് കരാർ പുതുക്കേണ്ടതാണ്.

ചെലവ് – വൗച്ചർ നം. – 22200936/ 13.03.2023 – 399999 രൂപ (തനത് ഫണ്ട്)

## 3-2 കുടിവെള്ള വിതരണം, പ്രിന്റിംഗ് – ആദായനികുതി കുറവ് ചെയ്തില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ നിയമാനുസൃത ആദായനികുതി ബിൽ തുകയിൽ നിന്ന് കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകത്തിൽ അടച്ചിട്ടില്ല.

1. പ്രോജക്ട് നം. – എസ്.ഒ.0031/23)

പേര് :- കുടിവെള്ള വിതരണം 2020-21 ലെ കുടിശ്ശിക നൽകൽ.

ഈ പ്രോജക്ട് മുഖേന 2020-21 ലെ കുടിവെള്ള വിതരണത്തിന് കരാറെടുത്ത ശ്രീ സതീഷ് പി.കെ. ക്ക് നൽകാനുണ്ടായിരുന്ന 2,07,373 രൂപ 13.01.2023 ൽ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക അനുവദിച്ചപ്പോൾ

ആദായനികുതി ബില്ലിൽ കുറവ് ചെയ്തിട്ടില്ല. 2074 രൂപ (207373 ന്റെ ഒരു ശതമാനം) കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകത്തിൽ കുറവ് ചെയ്യേണ്ടതായിരുന്നു.

അടങ്കൽ – 2.5 ലക്ഷം രൂപ

ചെലവ് – 207373 രൂപ (തനത് ഫണ്ട്)

വൗച്ചർ നം. 22200812 / 13.01.2023

2. പ്രോജക്ട് നം. – S 0118/23

പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ

ഈ പ്രോജക്ട് വഴി പദ്ധതി നടത്തിപ്പിനാവശ്യമായ ഗുണഭോക്തൃ ഫോറങ്ങളും മറ്റ് രേഖകളും വാർഷിക കരാറിന്റെ അടിസ്ഥാനത്തിൽ പ്രിന്റിംഗ് നടത്തിയ ആർച്ചീസ് ഡിസൈൻ & പ്രിന്റിംഗ് എന്ന സ്ഥാപനത്തിന്റെ ഉടമ ശ്രീ മനോജ്. ആർ ന് 47500 രൂപ നൽകിയതിൽ ആദായനികുതിയായ ഒരു ശതമാനം അതായത് 475 രൂപ കുറവ് ചെയ്തില്ല .

ആദായനികുതി കുറവ് ചെയ്യാതിരുന്നതിന്റെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/03.11.23) മറുപടിയും ലഭ്യമായില്ല. ആദായനികുതിയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 2549 രൂപ (2074+475) പ്രസ്തുത വ്യക്തികളിൽ നിന്നോ അത് സാദ്ധ്യമാകാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

പ്രോജക്ട് അടങ്കൽ – 2 ലക്ഷം രൂപ (35900- വികസന ഫണ്ട് (ജനറൽ), 164100 രൂപ തനത് ഫണ്ട്)

ആകെ ചെലവ് – 70324 രൂപ ( 35900- വികസന ഫണ്ട് (ജനറൽ), 34424 രൂപ തനത് ഫണ്ട്

47500 രൂപ യുടെ ചെലവ് –

വൗച്ചർ നം. – 22200723/24.12.22 , 11500 രൂപ (തനത് ഫണ്ട്)

ബിൽ നം. 0929056/16.12.22 , 35900 രൂപ (വികസന ഫണ്ട് (ജനറൽ))

## 3-3 തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ വർക്കുകളിൽ കരാറുകാരിൽ നിന്നും ജി.എസ്.ടി ഈടാക്കുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30.07.19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ജിഎസ്./16/ആർ.ഇ.ജി.എസ്. സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി.എസ്.ടി. വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ താഴെചേർക്കുന്ന മെറ്റീരിയൽ വർക്കുകളുടെ കരാറുകാരിൽ നിന്നും 250000 രൂപയ്ക്ക് മുകളിൽ വരുന്ന വാങ്ങലുകൾക്ക് മെറ്റീരിയൽ കോസ്റ്റിന്റെ 2% വരുന്ന തുക സോഴ്സിൽ കുറവ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | കരാറുകാരന്റെ പേര് | മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ നൽകിയ തുക | എഫ്.റ്റി.ഒ നമ്പർ/ തീയതി | ഈടാക്കേണ്ട ജി.എസ്.ടി |
|---|---|---|---|---|
| കല്ലുവെട്ടാംകുഴി-ആശാൻ കലുങ്ക് റോഡ് കോൺക്രീറ്റിംഗ് | അജിത്ത്.എസ്. | 402058/- രൂപ (192844+197347+11867) | 012EATPAYREQ 070703202316344/ 03-10-2022 | 8041/- രൂപ |
| തേവിരേത്ത് മുക്ക് കോൺക്രീറ്റിംഗ് | സുരേഷ്കുമാർ ബി. | 256998/-രൂപ (183899+73062) | 012EATPAYREQ 2504202316334/ 03-10-2022 | 5139/- |
| വല്യവീട്ടിൽ | സുരേഷ് കുമാർ | 256998/-രൂപ | 012EATPAYREQ | 5139/- |

| | | | | |
|---|---|---|---|---|
| അങ്കണവാടി റോഡ് കോൺക്രീറ്റിംഗ് വാർഡ് 18 | ബി. | (183899+73062) | 01042023162574/ 03-10-2022 | |
| ആകെ | | | | 18319/- |

ജി.എസ്.ടി (ടി.ഡി.എസ്.) ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22 തീയതി 7-11-2023 ) കരാറുകാരിൽ നിന്നും ജി.എസ്.ടി. ഈടാക്കുന്നതാണെന്ന് മറുപടി നൽകി. ജി.എസ്.ടി. (ടി.ഡി.എസ്.) ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 187200 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 187200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | അനുപൂരക പോഷകാഹാര പരിപാടി(ജനറൽ) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 250000 | പാലിന് സബ്സിഡി | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 400000 | നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കൽ | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3000000 | ലൈഫ് – ഭൂരഹിതർക്ക് ഭൂമിയും വീടും (എസ് സി പി) | 3000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 600000 | ലൈഫ്-ഭവന നിർമ്മാണം (പട്ടികജാതി വിഭാഗം) | 600000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 206975 | അനുപൂരക പോഷകാഹാര പരിപാടി (പട്ടികജാതി വിഭാഗം) | 206975 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 500000 | പാലിയേറ്റീവ് പരിചരണം | 500000 | 0 |
| ആകെ | 2022-23 | 5244175 | | 5244175 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 119500 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 119500 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | അനുപൂരക പോഷകാഹാര പരിപാടി (ജനറൽ) | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | പാലിന് സബ്സിഡി (ജനറൽ) | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 385700 | നെൽകൃഷി വിസ്തൃതി വ്യാപിപ്പിക്കൽ | 385700 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 360000 | ലൈഫ്-ഭവന നിർമ്മാണം (പട്ടികജാതി വിഭാഗം) | 360000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2980000 | ലൈഫ് – ഭൂരഹിതർക്ക് ഭൂമിയും വീടും (എസ് സി പി) | 2980000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 500000 | വൃക്ക രോഗികൾക്ക് കാരുണ്യ ഹസ്തം | 500000 | 0 |
| ആകെ | 2022-23 | 4645200 | | 4645200 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂഗർഭ ജലവകുപ്പ് | മുകുളുവിള കുടിവെള്ള പദ്ധതി | XVFC/2022-23/P/34 തീയതി 29-03-2023 | 358000 | 0 | 358000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (തൻവർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | ലഭ്യമല്ല. | 2060000 | 23804000 | 5098409 | | 20765591 |

### 4-5 സ്ഥിര നിക്ഷേപം

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2012-13 | 2-1 | 5000/- | ശ്രീ.സജീവൻ എസ്.<br>കൃഷി ഓഫീസർ | 1220101521/26-07-2022 |

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

### 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

### 4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 49286536 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 42461899 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 724600 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 358000 | ശ്രീമതി ദീപ്തി നായർ, സെക്രട്ടറി |
| 1-21 | 166600 | ശ്രീ.പ്രശാന്ത്.എ.ജെ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 100000 | ശ്രീ.പ്രശാന്ത്.എ.ജെ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | 100000 | ശ്രീമതി സിബി.എൽ., ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ | 724600 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-1(1) | 1800 | ശ്രീമതി ദീപ്തി നായർ, സെക്രട്ടറി |
| 3-1(2) | 6780(GST) | ശ്രീമതി ദീപ്തി നായർ, സെക്രട്ടറി |
| 3-1(2) | 6780(IT) | ശ്രീമതി ദീപ്തി നായർ, സെക്രട്ടറി |
| 3-2(1) | 2074(IT) | ശ്രീമതി ദീപ്തി നായർ, സെക്രട്ടറി |
| 3-2(2) | 475(IT) | ശ്രീമതി ദീപ്തി നായർ, സെക്രട്ടറി |
| 3-3 | 18319 | ശ്രീമതി ദീപ്തി നായർ, സെക്രട്ടറി |
| | 36228 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി ദീപ്തി നായർ<br>സെക്രട്ടറി | സെക്രട്ടറി<br>കാവാലം ഗ്രാമപഞ്ചായത്ത് | പുത്തൻ കണ്ടത്തിൽ,<br>മുതുകുളം പി.ഒ,<br>കായംകുളം,ആലപ്പുഴ. |
| പ്രശാന്ത് എ.ജെ.<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>പാലമേൽ ഗ്രാമ പഞ്ചായത്ത് | വിനായകം<br>മറ്റപ്പള്ളി<br>നൂറനാട് പി.ഒ |
| ശ്രീമതി സിബി എൽ.<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ<br>പാലമേൽ ഗ്രാമ പഞ്ചായത്ത് | തിരുവാതിര<br>കെ.എസ്.പുരം പി.ഒ<br>കരുനാഗപ്പള്ളി |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2006-07 | എൽ.എഫ്.എ.1577/13/12.5.14 |
| 2007-08 | എൽ.എഫ്.എ.1577/13/12.5.14 |
| 2008-09 | എൽ.എഫ്.എ.1577/13/12.5.14 |
| 2009-10 | എൽ.എഫ്.എ.1577/13/12.5.14 |
| 2010-11 | കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023 |
| 2011-12 | കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023 |
| 2012-13 | കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023 |
| 2013-14 | കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023 |
| 2014-15 | കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023 |
| 2015-16 | കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി 6/1369/17/15.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി 6/153/2019/16.05.2019 |
| 2018-19 | കെ.എസ്.എ/എ.എൽ.പി/പി 3/807/2020/30.12.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.3/358/2022/27.03.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി.3/567/2022/03.07.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി-പി.3/176/2023/23.02.2023 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 31-07-2023 and submitted on 01-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Palamel Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Palamel Grama Panchayat for the year 2022-2023

Date: 07/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Palamel Grama Panchayat for the Year 2022-2023.

**1.Major Observations**

1) It is not specified which amounts are included in other liabilities item in the schedule b4.

2)There is a mismatch between the amount in the ACR of various funds and the amount in the annual accounts.

3)There is a mismatch between the amount of expenditure towards NREGS included in the annual account and the amount in the financial performance statement.

4)There is a mismatch between the amount of property tax in the sanchaya statement and the amount in the annual accounts.

**2.Other Observations**

1) Jalanidhis account remain inactive with no transactions. This account should be closed and excluded from annual account.

2) The account opened for health grant is not included in annual account.

3)Advance, deposit, rent, licence registers are not certified by written annual summary.

4)Rent arrears are not included in the annual summary.

Deputy Director
Kerala State Audit Department
District Audit Office
Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്